RAJYASEVAPRAVINA C. V. CHANDRASEKHARAN: If there is a genuine demand for a Tamil course, the University will consider that question. We have provided the Vidvan Course corresponding to the Visarad. Why should we duplicate courses which exist at Madras and Annamalai ?

MR. M. SIVATHANU PILLAI: Why should there be any prohibition?

PRESIDENT: Discussion of this subject has taken a very different turn from that indicated by the cut motion, namely, "to discuss methods of improving Sanskrit education." As however a large field has been covered and as very definite mention has been made of the Vice Chancellor, I think, it is up to me to indicate the policy underlying the whole of this subject.

In the first place, I join issue immediately and at once with what fell from the honourable member Mr. Sivathanu Pillai. It will be the object and the aim of this University not to duplicate courses which are done as well or could be done better by sister Universities. That sentiment has been very aptly given expression to by His Highness the Maharaja when addressing the Annamalai University and the Andhra University. An appeal was made to these Universities that they should so confer with each other that all the materials and appurtenances, scholarships and endowments available according to the requirements of each region or locality may be dealt with in such a way that instructions and research might not overlap. In other words, it might well be the case that the Annamalai University which has already taken a fairly definite line in regard to Sanskrit might go further in that direction and might abolish Sanskrit and confine itself solely to Tamil. A certain person from here, having regard to the facilities of the Madras University to develop automobile Engineering has sent an endowment for that purpose. That endowment was sent to the Madras University because there were greater facilities there rather than in the Travancore or the Andhra University. The idea underlying this fact is that as far as possible a University should not duplicate what is being done in another university and go on teaching the same subjects, History, Mathematics, Agriculture, Zoology, Botany and so on.

Having said that let us consider what, are the functions and duties of the Travancore University. The first duty is to utilise all its possible resources to deal with the agricultural and industrial development of the country. If it becomes necessary to abolish every other course of study, and concentrate upon agricultural and industrial growth, Government would not have the slightest objection to adopt that programme, provided there is some other university for filling up the gap. But so long as other universities do not fill up the gap, having regard to the great and glorious traditions of Sanskrit and Malayalam scholarships

here, and having regard to the position to which advertence was made, it is the elementary duty of Kerala to encourage Sanskrit learning because Malayalam is after all the elder daughter of Sanskrit and without adequate knowledge of Sanskrit and Sanskrit culture, Malayalam cannot come to its own. That is the policy on which this University is proceeding.

I was encountering a series of shocks yesterday when speaker after speaker spoke of the neglect of Sanskrit education. No special subject of study has dominated and has obtained as continuous an attention from the Vice-Chancellor, nay, from the Chancellor of the University, as Sanskrit education. A sum of Rs. 50,000 has been set apart for the purposes of giving prizes. This fetches an annual return of Rs. 2,000—no small amount—which has been set apart for prizes for the purpose of encouraging Sanskrit literature alone. That is the first endowment of its kind in India and except in Russia no bigger endowment for Sanskrit research as such has been made anywhere else. Now after having done that, to say that there is some attitude of neglect towards Sanskrit learning is to be unfair to the University. Not only that. The University library contains the Oriental Manuscripts Library which is tha foundation of all Sanskrit culture and many students have made use of it. I am personally looking into it. And before a new manuscript at very high cost is procured, I am finding out whether it is worth while to get it. Only if it is a rare and useful work, I order its purchase. Books not only from Kerala but from the whole of India --Bengal, Rajputana, Central Provinces and other places have been obtained. Books written by very great scholars are there, the value of which no one can ascertain. Not only that wherever possible encouragement of Sanskrit study has been the pre-occupation of the University. But apart from that, as the Pro-Vice-Chancellor rightly pointed out we must be aware of the time spirit. There was a time when everybody slighted Tamil, Sanskrit and Malayalam, and preferred to talk in English rather than in their own vernacular tongues and that practice went on with the result that people neither learned English adequately nor kept in touch with their own languages. Again, for a little while the pendulum swung in the other direction and there was almost a deliberate endeavour made to neglect English. In the Calcutta University each student had to be the member of a kind of association. Everyone had to pay two annas fine for each English word that he used in his conversation. That practice went on for 10 or 15 years so that in the end Bengal which produced a large percentage of I. C. S. men has completely disappeared from the field. During the last 5 or 6 years there has been hardly more than 8 or 10 per cent. of I. C. S. men from Bengal whereas formerly she was producing 70 or 80 per cent. The same spirit invaded Kerala with the result that gradually and for some reason or other the teaching of English was neglected. Every person spoke a language which was supposed to be English. I have heard people speaking a language which is supposed to be English but which I could not

[President]

understand. There are professors who do not know the elements of literature. We talk much of the standard of English literature. The speaking standard of English in Travancore, has, during 20 years of my acquaintance descended precipitously from depth to depth. So that today it is a melancholy and lamentable feature. The Japanese believe that if the graduates, or under-graduates speak the worst English the better. The Japanese and the Chinese deliberately speak bad English. Now the position in which we are is this. If we have to go on with our problem so far as the learning of Malayalam is concerned that is demonstrated by the number of students coming in that class.

The last argument and the one that seems to be emphasised relates to the appointment of Sanskrit Professors and Superintendents. The labourer must be worthy of his hire. Persons occupying certain positions are only fit to be in that position. It may be argued that if there are not the proper men here, Professors may be got from outside. That is a matter which is engaging the earnest attention of the Government. To that extent I slightly differ from the views of the Pro-Vice-Chancellor. Even if there is not a single student studying in the Honours Class, supposing in the University there is provision for a pass or Honours course, the foundation will be there. As a learned Advocate said when the judge got up and went away "let him hear the arguments or not; if the judge is not there I will talk to the empty bench." So long as there is Sanskrit or Malayalam literature there will be a teacher in Sanskrit or a teacher in Malayalam to teach even to the empty bench.

So far as Tamil is concerned, I fully realise the depth of enthusiasm for the language after hearing the speech of Mr. Sivathanu Pillai that 13 students were disappointed and went away to Madras. In Madras the number of candidates who take Tamil is lamentably small and as a matter of fact it is so small that the Madras University is from time to time doing exactly the same that we are doing.

RAJYASEVAPRAVINA C. V. CHANDRASEKHARAN: There is no Honours course in the Madras University for Tamil.

PRESIDENT: They have only pass courses in Tamil and Sanskrit. The real point is that you have to get scholarship in the old Pandit sense. I do not believe that Sanskrit and Malayalam can be learned adequately, and thoroughly in the manner in which those languages are being taught everywhere in India today. So far as Sanskrit is concerned for a comprehensive study of the language a course extending over 7 or 8 years is necessary for a student. In the case of Malayalam the period might be less. I am not impressed with the pass course in one language or other. But I do realise that for a country like Travancore the utmost possible encouragement in the production of books, and dissemination of literature to facilitate the study of Tamil and Malayalam is absolutely necessary. It is the paramount duty of the University to give such encouragement as far as possible.

The motion was by leave withdrawn.

Motion 212.

MR. K. S. SEBASTIAN: Sir, I rise to move that a reduction of Re. 1 may be made in the allotment of Rs. 9,15,000 for grant to the Travancore University to bring to the attention of Government, the necessity for the development of the fish industry of the State. My object in moving the cut motion is to bring to the notice of Government the necessity for the development of the fish industry in the State. Without any exaggeration I can assert that the vast treasures of the sea that lie so near to us and which is within our easy reach have not been sufficiently exploited. We have got a long coast line of 172 miles.

PRESIDENT: Does the honourable member think that in the absence of Trawlers it is possible to have research in deep-sea fishing?

MR. K. S. SEBASTIAN: My view is that even without trawlers deep sea fishing can be done. In the Bombay coast for the purpose of fishing a sort of boats called "Ratnagiri" boats are being utilised. One such boat will cost between Rs. 15,000 to Rs. 20,000. If we utilise these boats we can catch a greater quantity of fish than that which is caught at present. We have got about 100 miles of shallow sea and the total area of such shallow waters will be nearly 3,900 sq. miles. Out of these vast fishable waters, only within a distance of 5 to 7 miles from the shore actual fishing is now being done. The fish industry of the State is one of the greatest industries and it is second only to the cocoanut industry. The annual national income from this industry is Rs. 12,000,000 whereas in the cocoanut industry it is about Rs. 18,000,000. In point of production, our sea coast is second to none in the world. The annual income from the fisheries for each mile of coast line is Rs. 26,000 for Great Britain, Rs. 16,000 for Japan, Rs. 14,000 for America and for Travancore it is Rs. 60,000 *i. e.*, more than double that of the foremost fishing States in the world. The first step we ought to take for the promotion of this industry is to give better encouragement to fishermen to catch more fish. Nowadays fishermen do not care to go beyond 5 or 6 miles of the waters. Now in പുറക്കാട്, തൃക്കുന്നപ്പുഴ and other places near Alleppey, fishermen sometimes go into the deep sea and meet with very great difficulties on their return. After remaining for 13 or 14 hours in the waters when they return with their catches, the fish gets easily spoiled. They start with a very insufficient quantity of materials like salt, food etc., so much so, they are forced to return before they make a successful catch. Their boats are not strong enough to encounter the flash of the waves in the stormy sea. So, as I suggested at the start, if we introduce the "Ratnagiri" boats for the purpose of deep sea fishing, these handicaps can be got over.

Now, I turn to the difficulty of fishermen for getting salt. Nowadays salt is being supplied only to licensees and there are certain merchants in the fish-curing yards who alone can get the salt. The ordinary fisher folk have to get salt from these middle men. In order to encourage these fishermen, Government should supply them with enough salt, if possible, free of cost.

[Mr. K. S. Sebastian]

Then, another difficulty that lies against the progress of the industry is the lack of co-operative organisation for the marketing of the stuff. The whole business is entirely in the hands of middle men and merchants and more than one half of the profit is going to them. So also in the matter of curing and preservation of fish it would be better to improve the present methods. At present fish is being cured and preserved according to the unhygienic methods of the primitive days. If all the fish that is caught in our sea is properly cured and preserved and made available to the fish eating population in the interior parts, it will solve our food problem to a great extent. We need not be anxious about shortage of rice if we can introduce a sort of mixed diet with tapioca, and fish and if people are so very particular, there is no objection for their taking some toddy also; this will particularly apply to the poorer classes. In most of the fishing villages, the fisher-folk experience difficulty in transporting their catches. So in those coastal regions where there are no roads, a few roads may be opened in order to remove this difficulty. During the past 3 years, the Department of Fisheries has been under the supervision of the University. I am told that some considerable progress has been made with regard to the researches as well as the production of fish. But no report has been available to me to get at the correct figures about the income from the department. The allotment for the year 1119 is only Rs. 61,156 and the estimated income from the department is Rs. 22,000. My submission is that for such a big industry as the fish industry, the second industry in the State, such a meagre allotment as Rs. 61,000 is quite insufficient. Sir, you hope to launch many noble schemes for the industrialisation of the land, and you have also introduced coastal sailing vessels, the prospect whereof is very vast. Lakhs and lakhs of rupees have been invested in these industries and schemes.

PRESIDENT: I may tell the honourable member that four years ago this Government was in negotiation with the Japanese Government for the purchase of Trawler and we were prepared to give Rs. 3 lakhs for the purchase of Trawler. But for reasons which may be fairly obvious to the honourable member nothing came out of it. As a matter of fact, Government are very careful over this matter. One of the first things they would do is to purchase a Trawler without which deep-sea fishing, and the preservation of the qualities of the deep-sea fish, would be impossible. At present we shall try to see whether a Trawler cannot be made locally. England had to spend much over that before she could be successful in the fishing industry. Japan was fishing in the Arctic coast, off the coast of Bengal, in the Pacific and along this coast also. And Japan's success is due mainly to their Trawlers. Both from the agricultural and industrial points of view, that was one of the main reasons for their prosperity.

MR. K. S. SEBASTIAN: Sir, even before the introduction of Trawlers into the industry I would suggest the launching of some of the Ratnagiri Boats for the purpose of deep-sea fishing.

PRESIDENT: I have not heard about that. If the honourable member will make available to the Head of the Department and to me some particulars about that, I shall enquire into that. The whole question is a very simple one. Deep-sea fishing by itself is of no use, because deep-sea fish very rapidly deteriorate. There must be space on board for immediately taking out the entrails out of the fish and treating the fish with salt etc. That must be done on board itself before deterioration sets in. It is only then that deep-sea fishing can be of assistance. If the Ratnagiri boats are such as would enable this process being done, they are certainly worth being tried.

MR. K. S. SEBASTIAN: At present the greatest hardship for fisher men is in the matter of getting nets. Within the course of the last few years, the quantity of nets available has gone down 50 per cent. Now it is very difficult for the poor fisher-folk to get yarn for making fresh nets.

PRESIDENT: This Government are very much alive to the fact and a special quota of yarn for making nets has been given by Government and each Peishkar is given a quantity for issuing to the fisher-folk for making nets.

MR. K. S. SEBASTIAN: It would be better if the fishermen are allowed to own their own nets. (*President's bell.*)

RAJYASEVAPRAVINA C. V. CHANDRASEKHARAN: Sir, on behalf of the University I should like to express my thanks to the honourable member for the suggestions he has made for the improvement and development of fisheries in the State. The House is aware that the Fisheries Advisory Committee has been constituted consisting of representatives of the Fishery Industry in the State and also of certain experts in fisheries who happen to be members of this House and the other House. I can assure the honourable member that his suggestions will be very carefully considered by the University, particularly his suggestion with regard to Ratnagiri boats. With regard to deep-sea fishing, as you have well pointed out, Sir, expert opinion is not very hopeful. They say it is a very complicated subject depending on various factors, and these factors have to be investigated very carefully, factors like salinity, currents, wind and so on. Before deep-sea fishing is undertaken, we shall have to conduct many investigations. When we cannot get Trawlers and other equipment, deep-sea fishing is a very difficult proposition.

With regard to the curing and preservation of fish, a new scheme was preparld by the department, which we sent up to the Imperial Council of Agricultural Research. That Council has blessed the scheme and has offered to meet half the recurring expenditure. That scheme is now in the hands of the Applied Biology Committee of the Council of Research.

MR. CODIVEETIL C. RAMANKUNJU: ആ സ്കീമിൽ deep-sea fishing കൂടി ഉൾപ്പെടുമോ?

RAJYASEVAPRAVINA C. V. CHANDRASEKHARAN: Not at present, Sir.

PRESIDENT: The honourable member is no doubt aware that before deep-sea fishing is started the currents of the sea, the habits of the fish—because fish have certain definite places of halt and move along certain lines—have to be investigated. For instance, in the Pacific Ocean, there are only two or three places for them.

RAJYASEVAPRAVINA C. V. CHANDRASEKHARAN; Yes, Sir. And separate investigation has to be made about each kind of fish.

With regard to Administration Reports, the department works under the Council of Research and its work is summarised in the report of the Research Institute. But if members of this House are interested in the details, the University will be glad to publish the full report.

The motion was by leave withdrawn.

The question that a sum of Rs. 9,27,000 be granted under Demand XVIII—Education—Government grant to the Travancore University—was then put and carried. The grant was made.

DEMAND XIX—EDUCATION DEPARTMENT.

MR. A. GOPALA MENON: Sir, I move for a grant not exceeding Rs. 49,30,106 under Demand XIX—Education, excluding grant to the Travancore University.

Motion No. 218.

MR. P. S. MUHAMMED: Sir, I move the following motion:

To reduce the allotment of Rs. 3,22 240 for English High School for Boys by Re. 1.

സർ, ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു ഇതിനുമുമ്പ് അനുവദിച്ചിരുന്നതായ രണ്ടു മണിക്കൂർ സമയം മതപരമായ കർമ്മങ്ങൾക്കു വേണ്ടി വീണ്ടും അനുവദിച്ചുകൊടുക്കണമെന്നു പറയുന്നതിനു വേണ്ടിയാണ്. മുസ്ലീമിങ്ങൾക്കു വെള്ളിയാഴ്ച ദിവസം, ക്രിസ്ത്യാനികൾക്കു ഞായറാഴ്ച ദിവസം എന്നതുപോലെ പ്രാധാന്യമുള്ളതാണ്. അതുകൊണ്ടു വെള്ളിയാഴ്ച ഒരു ഒഴിവു ദിവസമാക്കണമെന്ന് ഞാൻ പറയുന്നില്ല. നേരെ മറിച്ച് ഞങ്ങളുടെ മതപരമായ കർമ്മങ്ങൾ നടത്തുന്നതിന് അത്യന്താപേക്ഷിതമായ സമയം മാത്രം ലഭിക്കണമെന്ന് ഞാൻ വളരെ മുൻപു മുതൽക്കു തന്നെ അപേക്ഷിക്കുകയും ഗവൺമെൻറു ദയവുചെയ്തു ആദ്യം മുസ്ലീങ്ങൾക്കു മാത്രം രണ്ടു മണിക്കൂർ അനുവദിച്ചുകൊടുക്കുകയും പിന്നീട് എല്ലാ വിദ്യാർത്ഥികൾക്കും ആ സൗജന്യം അനുവദിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ സമയമാററം നിമിത്തം ഈ രണ്ടു മണിക്കൂർ എന്നുള്ളതു സാധാരണ മുമ്പിലത്തെ ഒരു മണിക്കൂർ മാത്രമേ ആകുന്നുള്ളൂ. ഇത്രയും സമയം കൊണ്ടു പള്ളിയിൽപോയി കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു നിവൃത്തിയില്ല. സമുദായമത്സരങ്ങളോ സമുദായ ചിന്തകളോ ഇല്ലാത്ത എല്ലാ സമുദായങ്ങളും തമ്മിൽ സൗഹാർദ്ദപരമായി ജീവിക്കണമെന്നുള്ള ആഗ്രഹം നമുക്കെല്ലാവർക്കും ഉള്ളതുകൊണ്ടു ഒരു മതത്തിലുള്ള

നിഷ്ഠയെ നശിപ്പിക്കണമെന്നുള്ള വിചാരം ഗവമ്മെൻറിന് ഇല്ലന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഒരു കാലത്ത് മതത്തിൻെറ നേർക്കുള്ള ഭക്തി കുറഞ്ഞുവരികയായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ ജനങ്ങൾക്ക് അവരവരുടെ മതത്തോടുള്ള ഭക്തി കൂടുതൽ വർദ്ധിക്കുകയും മതങ്ങൾ ശരിയായി പഠിക്കുകയും കർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ഒരുവന് മാത്രമേ സമുദായ സൗഹാർദ്ദം ഉണ്ടാക്കാൻ സാദ്ധ്യമാകുകയുള്ളു എന്നുള്ളത് പരസ്പരം എല്ലാവരും ധരിച്ച് കഴിഞ്ഞിരിക്കുന്ന ഒരു സംഗതിയാണ്. ഓരോരുത്തർക്കും അവരവരുടെ മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള സൗകര്യം കൂടുതൽ കൊടുക്കേണ്ടതു് ഗവമ്മെൻറിൻെറ കടമയാണ്. ഗവമ്മെൻറു ആ തത്വം ഇപ്പോഴും സ്വീകരിച്ചിരിക്കുന്നു എന്നാണു എൻെറ വിശ്വാസം. ഇതു് യാദൃശ്ചികമായി വന്നിട്ടുള്ള ഒരു സംഭവമായിട്ട മാത്രമേ ഞാൻ കരുതുന്നുള്ളു. അതുകൊണ്ടു വെള്ളിയാഴ്ച ഒരുമണിക്കൂർ ഒഴിവ് മുസ്ലീമിങ്ങൾക്ക് അനുവദിച്ചിരിക്കുന്നതിനെ മാററി രണ്ടു മണിക്കൂർ സമയമെങ്കിലും അവർക്ക് അനുവദിക്കാത്ത പക്ഷം പള്ളിയിൽപോയി അത്യന്താപേക്ഷിതമായ മതകർമ്മങ്ങൾ അനുഷ്ഠിച്ചതിനു ശേഷം വീട്ടുകളിൽപോയി ആഹാരം കഴിച്ചിട്ട് മടങ്ങി പള്ളിക്കൂടത്തിൽ പോകാനുള്ള സമയം മതിയാകാതെവരും.

MR. M. K. MACKAR PILLAI : അതിനേക്കാൾ ഭേദം ഒരു മണി മുതൽ മൂന്നു മണിവരെ സമയം അനുവദിക്കുന്നതല്ലേ ?

MR. P. S. MUHAMED : അതിനും തരക്കേടില്ലാ. അവർക്കു കൂടുതൽ സൗകര്യം കൊടുക്കണമെന്നാണ് എൻെറ അഭിപ്രായം. ചെറുപ്പക്കാരായ ആളുകൾക്ക് മതകർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കാൻ സൗകര്യം കൊടുക്കാത്തപക്ഷം അവർ വഴി പിഴച്ചുപോകാൻ ഇടയുണ്ട്. തിരുവിതാംകൂറിലുള്ള എല്ലാ മതത്തിലുംപ്പെട്ടിട്ടുള്ളവർക്കും അവരുടെ മതകർമ്മങ്ങൾ ശരിയായ വിധം അവരുടെ കുട്ടികളെക്കൊണ്ടു നിർവഹിപ്പിക്കാൻ ഉള്ള സൗകര്യം ഗവമ്മെൻറു കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

MR. M. K. MACKAR PILLAI : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. രണ്ടു മണിക്കൂർ സമയം വെള്ളിയാഴ്ച ദിവസങ്ങളിൽ അനുവദിച്ചുകൊടുക്കണമെന്നുള്ളതിനെപ്പററി കാര്യകാരണസഹിതം ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞതുകൊണ്ട് അതിനെ സംബന്ധിച്ച് കൂടുതൽ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ രണ്ടു മണിക്കൂർ സമയം ഇപ്പോഴത്തെ ഒരു മണി മുതൽ മൂന്നു മണിവരെ ആക്കണമെന്നാണ് എൻെറ അഭിപ്രായം. അതായിരിക്കും എല്ലാവർക്കും സൗകര്യം.

SADASYATILAKA T. K. VELU PILLAI: I wish to support this motion, about Friday being declared a partial holiday. Some years back I remember it was the late Khan Bahadur Kadir Pillai who moved a resolution of this kind in the Legislative Council and some of us here had the pleasure and the privilege of being in sympathy in an active form with that proposal. Now Mr. Kadir Pillai's brother has supported this motion, which has been moved so ably by my friend, Mr. P. S Mohamed. The question is a difficult one and I, therefore, thought, Sir, that at the risk of being misunderstood, as I had been on one or two occasions yesterday, I would try to say a few words, trying to put my ideas in as clear a form and using as simple a language as possible. The idea of giving two hours for religious observances to the muslim boys and girls on Friday according to me, is not the best, because if a boy is to be trained in the real paths of religion, half an hour before one o'clock or at such time as may be fixed when he may be let away from the schools, his mind, his spiritual frame has to turn to that service. But while at the Mosque, he may be between two stools; the service may not be over on the one side and the thought that he will have to reach home take his meal so as to arrive at school in time, will be the other. Therefore I wish to make an alternative proposal. Friday is important to the Muslims. Fridays, at any rate, some Fridays are important to the Christians and they are important to the Hindus also. I am talking of the three main communities in the State. I have noticed recently, Sir, for the last one year or so that all Hindu shops were closed on Fridays. In the same way, I have noticed in some parts of the country shops owned by the Christians being closed on Sundays. In Puthenchanthai, Cantonment, Chalai and other places I have sent for certain things on certain days and I have not been able to get them because those days happened to be last Fridays of the months. Therefore, with the mover's permission and with the permission of the House, I may say that, instead of Saturday being a holiday, if Friday is declared to be a holiday, all parties will be satisfied. I understand that for some holidays like the Christmas, the Midsummer or the Onam Holidays, there must be consecutive holidays. But at the end of a week to have two days consecutively as holidays, in a State like this where boys and girls who attend schools live more or less near the school building, there does not seem to be too much of a necessity. Personally-I am talking subject to correction, if, my view is wrong I am prepared to change it, in a place like this, where the distance to be covered by the students each day not being very much. I would in all earnestness request the Government to consider if, instead of Saturday being a Holiday, Friday should not be made one. It is with that idea, Sir, that I support this motion But whether this alternative scheme recommends itself to this House or not, I am absolutely, entirely, strongly in favour of enabling the Muslim boys and girls to look after their religious observances.

MR. A. GOPALA MENON: Sir, the new time-table for schools has fixed the hours of work from 11-30 to 5-30, 5-30 being the final stage of the day's work. It was not found possible to extend it any further

so that one more hour could be granted for noon interval on Fridays. Further, it was ascertained from reliable sources that the Mahommedan prayer took place between 2 and 2-45 P. M. only, so that pupils who could go a few minutes in advance of 2 P. M. could attend the mosque and return by 3 P. M. to the school. After fixing this time-table no complaints have been received till now. But a reference was made to the Inspector of Muslim education when this suggestion was made and on his recommendation, the question is under consideration, whether Mohammadan pupils should not be granted an interval between 1-30 and 3 P. M. That solution has to be looked into and a recommendation will be submitted to Government for final orders.

The idea of making Friday a half holiday or a full holiday would not recommend itself to the Department, because two consecutive holidays at the end of a week are supposed to have certain virtues and advantages. If it is a question of giving two hours to Mohammadan pupils on Fridays, I have not the least objection. But to have two hours' interval in all schools where there are Mohammadan pupils or not, is a matter in which teachers, Head masters and all school authorities have been strongly against. Very few Mohammadan pupils do actually attend Mosques and the total number of Mohammadan pupils in schools in 1117 was 32,724 as against 7 lakhs of pupils, in all schools. What happens therefore is when the boys and girls are let loose, there is pandemonium prevailing in the school compound. For the benefit of a few pupils the schools as a whole cannot be closed. I am very much aware of the necessity of Mohammadan pupils to have ample time for their noon observances on Fridays. I am very sympathetic with the suggestion in the motion to grant two hours for Mohammadan pupils in all schools on Fridays.

MR. P. S. MUHAMED : സർ, മുമ്പു അവർക്കു് രണ്ടു മണിക്കൂർ സമയം ഡിപ്പാർട്ടുമെൻറിൽ നിന്നും അനുവദിച്ചിരുന്നില്ലേ ?

MR. A. GOPALA MENON : മുമ്പു രണ്ടു മണിക്കൂർ സമയം അനുവദിച്ചിരുന്നതു് ൫൦ മഹമ്മദൻ കുട്ടികളെങ്കിലും ഉള്ള സ്കൂളുകൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. ആ സമയത്തിനുള്ളിൽ കുട്ടികൾ തമ്മിൽ ബഹളങ്ങളും വഴക്കുകളും ഉണ്ടാക്കിവരുന്നതായി ഹെഡ്മാസ്റ്ററന്മാരും ഇൻസ്പെക്ററിംഗ് ആഫീസരന്മാരും പരാതിപ്പെട്ടിട്ടുണ്ടു്.

MR. P. S. MUHAMED : ഞങ്ങൾ ലഹളകളും ബഹളങ്ങളും ഉണ്ടാക്കാത്തതു കൊണ്ടാണോ ഇപ്പോൾ ഈ വിഷമത്തിനു് ഇടവന്നതു്.

MR. A. GOPALA MENON : നിങ്ങൾ ലഹള ഉണ്ടാക്കിയെന്നല്ല ഞാൻ പറഞ്ഞതു്. മിക്ക സ്കൂളുകളിലും ആ രണ്ടു മണിക്കൂർ സമയം മററു കുട്ടികൾ ബഹള ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇപ്പോൾ മെമ്പർ അഭിപ്രായപ്പെട്ടതുപോലെ രണ്ടു മണിക്കൂറും അവർക്കു കൊടുക്കുന്നതിൽ എനിക്കു് യാതൊരു വിരോധവുമില്ല.

The motion was, by leave withdrawn.

motion No- 219.

MR. P. S. MUHAMED: Sir, I move:

To reduce the allotment of Rs. 97,860 for English High School for Girls by Re. 1.

സർ, ഗവൺമെൻറ മുസ്ലീം സ്ത്രീ വിദ്യാഭ്യാസത്തെ ഉയർത്തുന്നതിനുവേണ്ടി സ്കാളർഷിപ്പു അനുവദിക്കുന്നുണ്ട്. ഈ വിദ്യാലയങ്ങളിലുള്ള ഹെഡ്മാസ്റ്ററന്മാർ വാങ്ങി എടുത്തിട്ടു അവർക്കു കൊടുക്കുന്നില്ലെന്നുള്ള പരാതി ധാരാളമായിട്ടുണ്ട്. ൧൧൧൭-ൽ ചില സ്കൂളുകളിൽ കുട്ടികളെ കൊണ്ടു ഒപ്പിടുവിച്ച് വാങ്ങി സ്കാളർഷിപ്പു അവർക്കു കൊടുക്കാതെയിരുന്നതിൽ ഉടൻ തന്നെ ഇൻസ്പെക്ടരേയും ഡയറക്ടർ അവർകളേയും വിവരം അറിയിക്കുകയും അവർ വേണ്ട അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതിൻെറ ഫലം ഇതേവരെയും അറിയാറായിട്ടില്ല. അന്വേഷണത്തിൽ കുട്ടികളുടെ പരാതി പരമാർത്ഥമാണെന്നു അധികൃതന്മാർക്കു ബോദ്ധ്യമായിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം. ആ പണം ഇതുവരെയും കിട്ടിയിട്ടില്ല. ൧൧൧൮-ലെ സ്കാളർഷിപ്പു തന്നെ വാദ്ധ്യാന്മാർ വാങ്ങി കൊടുക്കുന്നതിനു ശ്രമിക്കുകയോ, ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുകയോ ചെയ്തിട്ടില്ല. ഇക്കൊല്ലം മുൻകൂട്ടി ഇക്കാര്യം ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നതനുസരിച്ച് അവർക്കു സ്കാളർഷിപ്പു അനുവദിക്കുകയും ആയതു അഞ്ചൽ മണിയാർഡറായി അയച്ചു കൊടുക്കുകയും ചെയ്തിട്ടുള്ളതായിട്ടാണ് അറിയുന്നതു്. ഗവൺമെൻറു മഹാമനസ്കതയോടുകൂടി ഏതെങ്കിലും സമുദായത്തിനു വേണ്ടി സൗജന്യമായി ചെയ്യുന്ന ഈ സ്കാളർഷിപ്പിനെ വിദ്യാർത്ഥികൾക്കു കൊടുക്കാതെ അവരെക്കൊണ്ടു ഒപ്പിടുവിച്ചു വാങ്ങി അതു മാനേജരന്മാരോ ഹെഡ്മാസ്റ്ററന്മാരോ എടുക്കുന്നതായി ബോദ്ധ്യമായാൽ ഇക്കാര്യത്തിൽ ഗവൺമെൻറും ഡിപ്പാർട്ടുമെൻറും ഗൗരവമായി ഗൗനിക്കേണ്ടതാണെന്ന് അപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചു കൊള്ളുന്നു.

MR. M. K. MACKAR PILLAI: സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഗവൺമെൻറിൻെറ ആനുകൂല്യത്താൽ മുസ്ലീം സ്ത്രീ വിദ്യാഭ്യാസത്തിനു വളരെ ഉയർച്ച വരുന്നുണ്ട്. പ്രൈവററു വിദ്യാലയക്കാർ ഈ മുസ്ലീം വിദ്യാർത്ഥികൾക്കു പകുതിഫീസ് കൺസഷനോ, സ്കാളർഷിപ്പോ കൊടുക്കുന്നതിൽ വളരെ വിമുഖത കാണിച്ചുവരുന്നതായി എനിക്കറിയാം. അതിനാൽ ഈ ആനുകൂല്യംകൊണ്ടു മുസ്ലീംസ്ത്രീ വിദ്യാഭ്യാസത്തിനു കാര്യമായി ഗുണം കിട്ടണമെന്നുവരികിൽ ഡയറക്ടർ അവർകളുടേയും പ്രത്യേക ശ്രദ്ധ ഇതിൽ എപ്പോഴും ഉണ്ടായിരിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. A. GOPALA MENON: Sir, it is quite true that there have been complaints from the pupils and guardians of pupils belonging to the Muslim community in the Kazhakuttam School.

PRESIDENT: What is that school called?

MR. A. GOPALA MENON: St. Xavier's English Middle School, Kazhakuttam. It was found on enquiry that the headmaster of that institution had filed proper receipts from the pupils duly countersigned by their guardians in regard to the payment of scholarships for a particular year. The department could not go behind that, but still suspected that there was some irregularity in the matter. As a result, the department wrote for the special sanction of Government that, in future, these scholarships should be drawn and remitted by Anchal money order to the pupils or their guardians. The practice is being continued and will be so ordered in the case of all schools about which such complaints are received. This year there have been two petitions so far and they are under investigation.

The motion was, by leave, withdrawn.

Motion No. 220.

MR. K. R. NARAYANAN: Sir, I move "to reduce the allotment of Rs. 97,860 for English High Schools for Girls by Re. 1.

സർ, വളരെ അടിയന്തിരമായി രണ്ടു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഇപ്പോൾ നമ്മുടെ നാട്ടുകളിൽ കാളറാ മഹാമാരി അനേകമാളുകളുടെ ജീവൻ അപഹരിച്ചുകൊണ്ടു പോകുന്നു. ഗവണ്മെൻറിൽനിന്നും പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറിൽനിന്നും കാളറാനിവാരണത്തിനു ചെയ്യുന്ന അവിശ്രമമായ പരിശ്രമത്തിൽ എനിക്ക് അപരിമിതമായ സന്തോഷമുണ്ട്. എങ്കിലും എഡ്യൂക്കേഷൻ ഡയറക്ടർ അവർകളും അദ്ദേഹത്തിൻെറ കീഴിലുള്ള സിൽബന്ധികളും ഈ വേല ചെയ്താൽ അടുത്തകാലത്തെങ്കിലും ശാസ്ത്രീയമായ കാളറാനിവാരണമാർഗ്ഗം ജനസാമാന്യത്തിനിടയിൽ പ്രതിബിംബിപ്പിക്കുവാൻ സാധിക്കും. അല്ലാതെ കൂടുതൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെൻറിൽ നിയമിച്ചശേഷം കാളറാ നിവാരണമാർഗ്ഗം പ്രചരിപ്പിക്കുക അത്ര സാദ്ധ്യമല്ലാ. എനിക്ക് അടിയന്തിരമായി ഇപ്പോൾ ഗവണ്മെൻറിൻെറ ശ്രദ്ധയെ ആകർഷിക്കുവാനുള്ളതു് തിരുവിതാംകൂറിലെ പള്ളിക്കൂടങ്ങൾ വഴി കാളറാനിവാരണമാർഗ്ഗം പ്രചുരപ്രചാരമാക്കിത്തീർക്കുന്നതിന് ഒരു പദ്ധതി ഗവണ്മെൻറു അംഗീകരിക്കണമെന്നുള്ളതാണ്. എൻെറ പരിമിതമായ ശാസ്ത്രീയജ്ഞാനം വച്ചുകൊണ്ടു പറയുകയാണെങ്കിൽ ജനസാമാന്യത്തിനിടയിൽ

[Mr. K. R. Narayanan]

ഈ കാളറാ വ്യാപിക്കുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ചുള്ള അറിവ് അവൎക്കു വളരെ കുറവാണ്. അമേരിക്കയിൽ ഈ പദ്ധതി വളരെ ഊർജ്ജിതത്തിൽ വന്നിട്ടുണ്ട്. അവർ പറയുന്നത് ഒററ വാചകത്തിൽ പറയുകയാണെങ്കിൽ "Put a Police man at the mouth" എന്നാണു. ഒരു പോലീസുകാരനെ വായുടെ വാതലിൽ നിറുത്തുക, കാളറാ തടുക്കാം. നാം കഴിക്കുന്ന ഓരോ ആഹാരപദാർത്ഥങ്ങളും ഉള്ളിലേക്കു പോകുമ്പോൾ, ശരിയായി വേവിച്ചതാണോ, അതിൽ ഈച്ച, പററീട്ടുണ്ടോ എന്നു ഓരോ ആഹാരപദാർത്ഥത്തോടും ചോദിക്കുക. വേവിച്ചതാണെന്നു കേട്ടാൽ അകത്തേക്കു കടക്കാൻ അനുവദിക്കുക. ഈച്ചയിരുന്നതാണെന്നു കേട്ടാൽ ഉള്ളിലേക്കു കടത്തിവിടാതെയിരിക്കുക. ഇപ്രകാരം വേണ്ട മാർഗ്ഗങ്ങൾ അനുഷ്ഠിച്ചാൽ കാളറാ എന്നുമാത്രമല്ലാ മസൂരി, പ്ലേഗ്, ഡിസൻററി മുതലായ രോഗങ്ങളേപോലും തടുക്കാൻ കഴിയും. ഇവിടത്തെ പൊതുജനാരോഗ്യവകുപ്പിൻെറ ആവിർഭാവത്തോടുകൂടി ഈ പകർച്ചവ്യാധികൾക്ക് അല്പ ശമനം വന്നിട്ടുണ്ട്. ഇപ്പോൾ സ്ത്രീകളുടെ ഇടയിലും പുരുഷന്മാരുടെ ഇടയിലും ഇതിലേക്കു തക്കയോഗ്യത സമ്പാദിച്ചിട്ടുള്ള രണ്ടാളുകൾ ഡിപ്പാർട്ടുമെൻറിലുള്ളതായിട്ടു എനിക്കറിയാം. കഴിഞ്ഞ ദിവസം കാളറാ നിമിത്തമുള്ള കൂടുതൽ മരണം എവിടെയാണെന്നു ചോദിച്ചപ്പോൾ ഡിപ്പാർട്ടുമെൻറിൽനിന്നു പറഞ്ഞ മറുപടി കുളച്ചലിലും ആലപ്പുഴയും ആണെന്നാണ്. ഇവിടെയുള്ള എൻെറ ബഹുമാനപ്പെട്ട മുസ്ലീം സ്നേഹിതന്മാരോട്, അവരോടുള്ള ബഹുമാനത്തിനും ആദരവിനും യാതൊരു കുറവും വരാതെ പറയുന്നതു ആലപ്പുഴയും കുളച്ചലും ഉള്ള മുസ്ലീങ്ങളുടെ ഇടയിൽ വിശേഷിച്ചും അവരുടെ സ്ത്രീകളുടെയിടയിൽ ഇതിലേക്കുള്ള ഇനാക്കുലേഷൻ നിർവഹിക്കേണ്ടതു ഒരടിയന്തിരാവശ്യമാണെന്നാണ്. അവരുടെ ഇടയിൽ കാളറാനിവാരണമാർഗ്ഗത്തെക്കുറിച്ചു യാതൊരറിവും ഇല്ലെന്നാണു എനിക്കു പറയുവാനുള്ളത്. എന്നാൽ പെൺപള്ളിക്കൂടങ്ങളിലും ആൺപള്ളിക്കൂടങ്ങളിലും ഒരാഴ്ചയിൽ അരമണിക്കൂർ സമയമെങ്കിലും ഈ വിഷയത്തെ സംബന്ധിച്ച് ഒരു പ്രസംഗപരമ്പര നടത്തുന്നതായാൽ ജനസാമാന്യത്തിനിടയിൽ ഏതാണ്ടു ബോധമുണ്ടാക്കുവാനും സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെൻറിനും ഡിപ്പാർട്ടുമെൻറിനും പൊതുജനനേതാക്കന്മാർക്കും ന്യായമായ കടമയുണ്ട്. ഇപ്പോൾ പള്ളിക്കൂടങ്ങളിൽനിന്നു അദ്ധ്യാപകന്മാരിൽ ഒരു ന്യൂനപക്ഷം ആളുകളെ ഈ വക പ്രചരണത്തിനു അഭ്യസിപ്പിച്ചുവരുന്നതായി എനിക്കറിയാം. ഒരു പള്ളിക്കൂടത്തിൽനിന്നു നാലോ അഞ്ചോ

അദ്ധ്യാപകന്മാരെങ്കിലും ഇതു് അഭ്യസിക്കണം. അവർക്കു ഈ വിഷയത്തെപ്പററി പരിമിതമായ ജ്ഞാനം ഉണ്ടായിരിക്കണം. ഹെൽത്തുഡിപ്പാർട്ടുമെൻറിൽനിന്നു പല സ്ഥലങ്ങളിൽവച്ചും ഇതിനെ സംബന്ധിച്ചു പ്രസംഗങ്ങൾ നടത്തുന്നതിനാൽ നമ്മുടെ അദ്ധ്യാപകന്മാർ ഭാഷാപരിജ്ഞാനം ഉള്ളവരായതുകൊണ്ടു അതു മനസ്സിലാക്കിയിരിക്കും. അതിനാൽ സ്കൂളുകളിൽ ആഴ്ചയിൽ ഒരുമണിക്കൂറോ അരമണിക്കൂറോ ഈ പ്രസംഗപരമ്പര അഭ്യസിപ്പിക്കുകയാണെങ്കിൽ ഇന്നത്തേതിൽ നിന്നു ഈ പകർച്ചവ്യാധികളെ കൂടുതൽ തടയുവാൻ കഴിയും. ഈ ഡിപ്പാർട്ടുമെൻറു കാര്യമായി കരുതി കൈക്കൊള്ളണമെന്നാണു് എൻെറ അപേക്ഷ. ഒന്നു രണ്ടു അനുഭവങ്ങൾ എനിക്കുതന്നെ ഉള്ളതുകൊണ്ടാണു ഞാൻ ഇപ്രകാരം പറയുന്നതു്. ഒന്നു രണ്ടു എസ്സ്. എൻ. ഡി. പി. യോഗംപ്ലാററുഫാറങ്ങളിൽ അതായതു് ചേത്തലയും പരിസരങ്ങളിലും എനിക്കു പോകുവാനിടയായി. കാളറാ മണ്ടയ്ക്കാട്ടു ഭഗവതിയുടെ കോപംകൊണ്ടു ഉണ്ടാകുന്ന ഒരു രോഗമാണെന്നല്ലാതെ ശാസ്ത്രീയമായ പെരുമാററംകൊണ്ടു മാററുവാൻ കഴിയുന്ന ഒരു രോഗമായി അധികമാളുകളും കരുതീട്ടില്ലാ. എന്നാൽ ശാസ്ത്രീയമായി എനിക്കറിയാവുന്ന ന്യായങ്ങളനുസരിച്ചു കാളറാനിവാരണപരിശ്രമമാർഗ്ഗങ്ങളിൽ അവരെ ഏതാണ്ടു പ്രേരിപ്പിക്കുവാൻ എനിക്കു കഴിഞ്ഞു. ഇപ്രകാരമുള്ള പ്ലാററുഫാറങ്ങളിലെല്ലാം ഈ വിഷയത്തെ സംബന്ധിച്ചു് പ്രസംഗിക്കുന്നതു് കൂടുതൽ പ്രയോജനകരമായിരിക്കും. അതുപോലെതന്നെ സ്കൂളുകളിൽ കുട്ടികളെ അഭ്യസിപ്പിക്കുന്നതുകൂടാതെ ചില പ്രത്യേക ദിവസങ്ങളിൽ രക്ഷകർത്താക്കന്മാരെ വിളിച്ചുവരുത്തി ഈ അടിയന്തിരഘട്ടത്തിൽ പ്രസംഗപരമ്പര നടത്താമെങ്കിൽ വളരെ പണം ചിലവാക്കാതെ തന്നെ വേണ്ട പ്രചരണം നടത്താവുന്നതാണു്. അതിനാൽ നമ്മുടെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറു ഈ വഴികളിൽ വേണ്ടതു് പ്രവത്തിക്കണമെന്നു് അപേക്ഷിക്കുന്നു. ഒരു സംഗതികൂടി ഈ സന്ദർഭത്തിൽ എഡ്യൂക്കേഷൻ ഡയറക്ടരവർകളെ ചൂണ്ടിക്കാണിക്കാനുണ്ടു്. അമേരിക്കാ, ഇംഗ്ലണ്ടു് മുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഇങ്ങനെയുള്ള രോഗം ബാധിക്കുന്ന അവസരങ്ങളിലെല്ലാം അവിടെ വേണ്ട പ്രചരണം നടത്തുന്നതു് സ്കൂളുകൾവഴിയാണു്. അവർ പറയുന്നതു് ഒരു രാജ്യത്തു വേലകൾ വർദ്ധിച്ചില്ലെങ്കിലും സഹിക്കാം, എഡ്യുക്കേഷൻ വർദ്ധിച്ചില്ലെങ്കിലും സഹിക്കാം. ആരോഗ്യം വർദ്ധിച്ചില്ലെങ്കിൽ സഹിക്കാൻ പാടില്ലെന്നാണു്. യുദ്ധത്തിനു് കുട്ടികൾവേണം; ആളുകൾ വേണം യുദ്ധത്തിനു ആളുകളെ അയയ്ക്കത്തക്ക ആരോഗ്യം ഒരു

[Mr. K. R. Narayanan]

രാജ്യത്തു വർദ്ധിപ്പിക്കേണ്ടതു ഏററവും പ്രാഥമികമായ ആവശ്യമായി അവർ കരുതുന്നുണ്ട്. അമേരിക്കയിലും ഇംഗ്ലണ്ടിലും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുകാർ അവരുടെ ആളുകൾവഴിയും, പാഠപുസ്തകങ്ങൾ വഴിയും ആ രാജ്യങ്ങളിൽ വേണ്ട ആരോഗ്യം സ്ഥാപിക്കുവാൻ കഴിയുമെങ്കിൽ നമുക്കും ആ വഴിക്കു ഒന്നു തിരിഞ്ഞാൽ എന്താണ്. ൭൦ വയസ്സു കഴിഞ്ഞ മി. ചർച്ചിൽ ഇംഗ്ലണ്ടിൽനിന്നു പ്രസംഗിക്കുന്ന ആ ആരോഗ്യംകൊണ്ടു വരുത്താവുന്ന സാദ്ധ്യതകൾ ഇവിടെയുള്ളവർക്കു ആലോചിക്കുവാൻ കഴിയുമോ ? ഇവിടെ ൭൦ വയസ്സു കഴിഞ്ഞാൽ കുറുന്തോട്ടിയിൽ കോവേണിവച്ച് കയറത്തക്ക രീതിയാണ് ഉള്ളതു്. അതു മാററുവാൻ നമ്മുടെ വിദ്യാലയങ്ങളിൽ ശാസ്ത്രീയമായ പരിജ്ഞാനം നൽകേണ്ടതു് അത്യാവശ്യമാണ്.

അതിനാൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുവഴി അദ്ധ്യാപകന്മാരെ പ്രേരിപ്പിച്ചു ഈ വിഷയത്തെ പുരസ്കരിച്ചു ഒരു പ്രസംഗപരമ്പര നിർബന്ധമായി നടത്തുവാൻ എഡ്യൂക്കേഷൻ ഡയറക്ടർ അവർകളുടേയും ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും ശ്രദ്ധയെ സാദരം ക്ഷണിച്ചുകൊള്ളുന്നു.

രണ്ടാമത്തെ ഭാഗം പള്ളിക്കൂടങ്ങളിലേക്കുള്ള പാഠപുസ്തകങ്ങളിലെല്ലാം ആരോഗ്യപരമായ ശാസ്ത്രീയലേഖനങ്ങൾ ധാരാളമായി ചേർക്കണമെന്നുള്ളതാണ്. ഞാൻ എന്റെ ബഡ്ജററ് പ്രസംഗത്തിന്റെ ഒരു ഭാഗത്തു പറഞ്ഞതുപോലെ ബജ്റയിൽ ഏതെല്ലാം ഏ. ബി. സി. ഡി അടങ്ങിയിരിക്കുന്നു എന്നു നമ്മുടെ സാമാന്യജനങ്ങൾക്കു യാതൊരറിവുമില്ല. സാധാരണയായി നാം ഉപയോഗിക്കുന്ന പാവക്കാ, മുരിങ്ങക്കാ, വെണ്ടക്കാ മുതലായ സാധനങ്ങളിൽ ഏതെല്ലാം ജീവകങ്ങൾ അടങ്ങിയിരിക്കുന്നുവെന്നു നമ്മിൽ അധികംപേർക്കും അറിഞ്ഞുകൂടാ.

ഈയിടെ റഷ്യാക്കാരുടെ ഒരു പാഠപുസ്തകപദ്ധതി കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. അതിൽ നാം ഭക്ഷിക്കുന്ന സാധനങ്ങളെപ്പററിയുള്ള വിശദവിവരങ്ങൾ നൽകിയതിന്റെ ശേഷം ഓരോ പദാർത്ഥങ്ങളിലും പോഷകാംശങ്ങൾ ഇന്നിന്ന കണക്കിനു അടങ്ങിയിരിക്കുന്നുവെന്നു പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. നാം ഏററവും ത്യാജ്യകോടിയിൽ തള്ളിയിരിക്കുന്ന തവിടിൽതന്നെ എന്തെല്ലാം വിലയേറിയ പോഷകാംശങ്ങൾ അടങ്ങിയിരിക്കുന്നുവെന്നു നമ്മുടെ അദ്ധ്യാപകന്മാരിൽതന്നെ അധികംപേർക്കും അറിയാമോ എന്നുതന്നെ സംശയമാണ്. തവിടിലും മററു അതുപോലുള്ള പോഷകസാധനങ്ങളിലും എന്തെല്ലാം ജീവകങ്ങൾ അടങ്ങിയിരിക്കുന്നുവെന്നു ഒരു ലേഖനപര

മ്പര നമ്മുടെ പാഠപുസ്തകങ്ങളിൽ ഉണ്ടായിരിക്കുന്നപക്ഷം അതു നമുക്കു
മാത്രമല്ല നമ്മുടെ ഭാവിതലമുറകൾക്കും ഉപകാരപ്രദമായിരിക്കും. ഇന്നു
നമ്മുടെ പാഠപുസ്തകങ്ങളിൽ അധികവും കാണുന്നതു ഹിമാലയപർവ്വത
ത്തിന്റെ പൊക്കം, അറേബ്യൻ കടലിന്റെ ആഴം മുതലായവയാണ്.
ഹിമാലയപർവ്വതത്തെക്കുറിച്ചു നല്ല ജ്ഞാനം ഉണ്ടായിരിക്കേണ്ടതു് അത്യാ
വശ്യമാണ്. അതുപോലെതന്നെ അറേബ്യൻ കടലിനേക്കുറിച്ചും പരി
ജ്ഞാനമുണ്ടായിരിക്കണം. ഇതെല്ലാം പഠിക്കുന്നതിൽ എനിക്കു ഒരു
ആക്ഷേപവുമില്ല. പക്ഷെ ഹിമാലയപർവ്വതത്തിന്റെ പൊക്കം മുത
ലായവ വർണ്ണിക്കുന്നതിനേക്കാൾ— അറേബ്യൻ കടലിന്റെ താഴ്ച
അറിയുന്നതിനേക്കാൾ പ്രഥമവും പ്രധാനവുമായി അറിയേണ്ടതു നിത്യ
വും നാം കഴിക്കുന്ന ആഹാരസാധനങ്ങളിൽ ഏതെല്ലാം ജീവകങ്ങൾ
അടങ്ങിയിരിക്കുന്നു, ഏതെല്ലാം ആഹാരസാധനങ്ങൾ നിസ്സാരമായ ചെല
വിൽ, കൂടുതൽ ജീവകാംശങ്ങൾ ഉള്ളതായി നമുക്കു ലഭിക്കും, ഇതെല്ലാം
ആണെന്നാണ് എന്റെ പരിമിതമായ ശാസ്ത്രീയജ്ഞാനത്തിൽ നിന്നും
ഞാൻ മനസ്സിലാക്കുന്നതു്. നമ്മുടെ നാട്ടിൽ ധാരാളമായി ഉണ്ടാകുന്ന
പേരയ്ക്കാ, ഏററവും ആരോഗ്യകരമല്ലാത്ത ഒരാഹാരസാധനമാണ് എന്ന
ഒരു തെററിദ്ധാരണ ജനസാമാന്യത്തിന്റെ ഇടയിൽ ധാരാളമായി വന്നു
പോയിട്ടുണ്ടു്. വിര ഉണ്ടാകുന്നതു പേരയ്ക്കാമൂലമാണെന്നു മിക്കവരും
വിശ്വസിക്കുന്നു. എന്നാൽ അമേരിക്കാക്കാർ പേരയ്ക്കാ ഉത്തമപോഷ
കാംശമുള്ള ഒരു ആഹാരസാധനമായി ഉപയോഗപ്പെടുത്തുന്നു. ആക
യാൽ ഈ വക തെററിദ്ധാരണകൾ സാമാന്യജനങ്ങളുടെയിടയിൽനിന്നും
മാററത്തക്കവണ്ണം പാഠപുസ്തകങ്ങളിലും മററും ശാസ്ത്രരീത്യാ പേരയ്ക്കാ
മുതലായ സാധനങ്ങളിൽ ഇന്നയിന്ന കണക്കിനു ജീവകങ്ങൾ അടങ്ങിയി
രിക്കുന്നുവെന്നുള്ള പരമ്പരകൾ ധാരാളം ചേർത്തിരിക്കേണ്ടതാണ്. ഞാൻ
താമസിക്കുന്നതിനടുത്തു ഒരു പൈനാപ്പിൾ സ്റേറാറിൽ പൈനാ
പ്പിൾ എന്നു എഴുതിവച്ചിട്ടുണ്ടു്. അതിൽ ഏതെല്ലാം ജീവകങ്ങൾ അട
ങ്ങിയിട്ടുണ്ടെന്നും അവിടെ പ്രസ്താവിച്ചിട്ടുണ്ടു്. അതായതു ഒരു പൈ
നാപ്പിളിൽ A. B. C. D. E. ഇത്രയും ജീവകങ്ങൾ അടങ്ങിയിരിക്കുന്നു
വെന്നു് ജനസാമാന്യങ്ങളെ മനസ്സിലാക്കത്തക്ക രീതിയിൽ അവിടെ എഴു
തിവച്ചിട്ടുണ്ടു്. ഇത്ര വിലയേറിയ ജീവങ്ങളടങ്ങിയ ഈ സാധനം അര
യോ മുക്കാലോ ചക്രത്തിനു നമുക്കു കിട്ടുന്നതാണ്. ഇപ്രകാരമുള്ള വിലയേ
റിയ ആഹാരസാധനങ്ങളെ നിസ്സാരമായി അഗണ്യകോടിയിൽ തള്ളുന്ന
തു് നമ്മുടെ അജ്ഞത ഒന്നുകൊണ്ടു മാത്രമാണ്, തൽഫലമായി നാല്പതും
നാല്പത്തഞ്ചും വയസ്സു കഴിഞ്ഞശേഷം നാം കേവലം അനാരോഗ്യരും

[Mr. K. R. Narayanan.]

ചൈതന്യ രഹിതരുമായി ഭവിച്ച് നാടിനും വീടിനും ഭാരമായിത്തീരുന്നു. ഈ മാതിരി കാര്യങ്ങൾ നമ്മുടെ തലയിൽ കേറത്തക്കവണ്ണമുള്ള വിഷയമായിരിക്കണം നമ്മുടെ പാഠപുസ്തകങ്ങളിൽ പ്രധാനമായി അടങ്ങിയിരിക്കേണ്ടതെന്നാണ് എനിക്കു പ്രധാനമായി ബോധിപ്പിക്കുവാനുള്ളത്. നാം കിണറുണ്ടാക്കേണ്ടതെങ്ങനെയാണ്, കുളിക്കേണ്ടതെങ്ങനെയാണ്, എങ്ങനെയുള്ള ആഹാരം കഴിക്കണം ഇവയെല്ലാം പ്രാരംഭത്തിൽതന്നെ പഠിപ്പിച്ചാൽ ചുടലവരെ ഓർമ്മ നിൽക്കുന്നതാണ്. ഈ മാതിരി വിഷയങ്ങൾ ഇപ്പോൾ അവിടെയും ഇവിടെയും എല്ലാം ചേർക്കുന്നില്ല എന്നു ഞാൻ പറയുന്നില്ല. പാഠപുസ്തകങ്ങളിൽ ധാരാളമായി ഈ കാര്യങ്ങൾ ഉൾപ്പെടുത്തണം എന്നാണ് ഡയറക്ടർ അവർകളോടു ഞാൻ വിനീതമായി അപേക്ഷിക്കുന്നതു. പ്രൈമറി വിദ്യാഭ്യാസപാഠപുസ്തകങ്ങളിൽ പ്രസ്തുത സംഗതികൾ കൂടുതലായി ഇനിയെങ്കിലും ചേർക്കണമെന്നുള്ള കാര്യം വിസ്മരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ആഹാരസാധനങ്ങൾ കൃഷി ചെയ്യേണ്ട രീതി, പാകം ചെയ്യേണ്ട വിധം കിണറുകളും കുളങ്ങളും ഉണ്ടാക്കേണ്ടതെങ്ങനെ, അവ സംരക്ഷിക്കപ്പെടേണ്ടതെങ്ങനെ ഈ സംഗതികളെല്ലാം ആധുനിക പരിഷ്കാരലോകത്തിനു അനുയോജ്യമായ വിധത്തിൽ നമ്മുടെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തേണ്ടതു അത്യന്താപേക്ഷിതമാണ്.

വള്ളത്തോളിന്റെ ഉഷ എങ്ങനെയുമിരിക്കട്ടെ. ആലസ്യമാണ്ടു മുഖം ഒട്ടു കുനിച്ചു, ഫാലസ്ഥലം മൃദുകരംകൊണ്ടു താങ്ങി വെൺകുളിർ കൽത്തറയിൽ ചാരുമുഖി ചാരിയിരിക്കട്ടെ. അതിൽ നമുക്കു യാതൊരാക്ഷേപവുമില്ല. ൧൦൦ കൊല്ലങ്ങൾക്കു മുൻപു എഴുത്തച്ഛൻ ജീവിച്ചിരുന്നുവെന്നും പറഞ്ഞുകൊള്ളട്ടെ. ഇതിലെല്ലാം അതിപ്രധാനമായി എനിക്കു തോന്നുന്നതു ആരോഗ്യപരമായ കാര്യങ്ങളിൽ പള്ളിക്കൂടം കുട്ടികൾക്കും പബ്ലിക്കിനും അഭ്യസനം നൽകുക എന്നുള്ളതാണ് പ്രഥമവും പ്രധാനവുമായി പ്രാഥമിക വിദ്യാഭ്യാസത്തിൽ നാം ശ്രദ്ധിക്കേണ്ട സംഗതി ഇതാണ്. ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ നാം പതിപ്പിക്കുന്നില്ലെങ്കിൽ ഇന്നത്തെ തലമുറയോടുമാത്രമല്ല, അമ്മമാരുടെ ഗർഭത്തിൽ സ്ഥിതിചെയ്യുന്ന ഓമനക്കുഞ്ഞുങ്ങളോടുപോലും മഹാപരാധമാണ് നാം ചെയ്തുവയ്ക്കുന്നത്. കാരണം സകലതിലും സർവ്വപ്രധാനമായിട്ടുള്ളത് ആരോഗ്യമാണ്. അങ്ങനെയുള്ള ആ ആരോഗ്യസമ്പാദനമാർഗ്ഗമാണു നാം നമ്മിൽനിന്നും നമ്മുടെ ഭാവിസന്താനങ്ങളിൽനിന്നും മറച്ചുവയ്ക്കുന്നതു. അതിനാൽ ആരോഗ്യപരമായ കാര്യങ്ങളിൽ അദ്ധ്യാപകന്മാർക്കു വേണ്ടത്ര പരിശീലനം നൽകി അവർ വഴി കുട്ടികളുടെയിടയിൽ പ്രചരിപ്പി

ച്ച് നമ്മെയും നമ്മുടെ ഭാവിസന്താനങ്ങളേയും അരോഗദൃഢഗാത്രരാക്കിത്തീർക്കണമെന്നു ഹൃദയപൂർവ്വം ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അതിലേക്കു വിദ്യാഭ്യാസ സമ്പന്നന്മാരും ശാസ്ത്രീയഗ്രന്ഥങ്ങൾ ധാരാളം കൈവശം ഉള്ളവരുമായ അദ്ധ്യാപകന്മാരെ, നമ്മുടെ ഭാവി പൌരന്മാർക്ക് ആരോഗ്യസമ്പാദനമാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനു എഡ്യുക്കേഷൻ ഡയറക്ടർ അവർകൾ ശ്രദ്ധിക്കുമെന്നു പൂർണ്ണമായി വിശ്വസിക്കുകയും തിരുവിതാംകൂറിന്റെ ആരോഗ്യം തന്മൂലം ഉപര്യുപരി വർദ്ധമാനമായി കാണാൻ ഇപ്പോൾതന്നെ വേണ്ട നടപടികൾ എടുക്കണമെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കയും ചെയ്തുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR. A. GOPALA MENON: Sir, I am very grateful to the honourable member Mr. Narayanan for the valuable suggestions he has given in regard to another line of activity in which the teachers of the department can render social service. I must, however, point out that all that the department can do in the matter is being done. When the Malayalam Readers were being prepared, special instructions were received from Government to see that an adequate number of lessons was included in every reader so that interest in public health, personal hygiene and sanitation may be fostered. As one of the persons engaged in writing these books I can say that at least four or five lessons could be found in every reader dealing with this question. After all each reader contains only 15 to 20 prose lessons out of which not less than one-fourth is devoted to questions of health, hygiene and sanitation. So, nothing more can be done in that direction· these readers cannot be confined to questions of sanitation and public health alone.

But in regard tothe suggestion that school lectures may be arranged for the purpose of evoking a general interest in the methods of public health and the preservation of hygienic habits among the pupils of the locality, I am in full sympathy. I can assure the honourable member that steps will be taken to give instruction in prominent localities where competent teachers are available to take up the work as soon as possible. But I must say that I am not prepared to duplicate the work of the Public Health Department in this direction and anything I can do in that matter will be done only in consultation with the Director of Public Health and with his help.

SADASYATILAKA T. K. VELU PILLAI: Is the Juvenile Smoking Act generally applied so far as the schools are concerned ?

MR. A. GOPALA MENON: I am not aware of the Act being enforced in particular institutions. But general instructions are issued to inspecting officers to take cognisance of such things.

SADASYATILAKA T. K. VELU PILLAI: Is the honourable member aware of the fact that the boys form themselves into smoking booths, each boy smoking the cigarette which another boy has used. Do not teachers smoke in schools ?

MR. A. GOPALA MENON: Teachers are not allowed to smoke in schools.

The motion was, by leave, withdrawn.

Motion 221.

MR. S. NARAYANA PILLAI: Sir, I beg to move

"to reduce the allotment of Rs. 8,56,675 for English education by Re 1,

to urge that vocational and welfare instruction should be imparted in English Schools". The scheme of vocational and welfare instruction was introduced one or two years ago in Malayalam Schools in the Trivandrum Division and last year it was introduced in the Quilon Division also. That the scheme has been very popular is evidenced by the number of pupils attending instruction in these subjects and the subjects also are well worth study by the future citizens of the State. In Chapter 10 of the Administration Report of the Education Department for the year 1117 it is stated as follows:—

> "The children engage themselves in diverse activities such as games—physical exercises, Yoga Asanas, Sooriasamaskar poses, folk songs and dances, handicraft activities of different kinds, play-acting rhythmical musical exercises, mass singing, excursions to interesting places, gardening, drawing, designing and decorating, training in Ist aid, various kinds of public service, safety-first, scouting, cubbing, etc., in their spare time. A multiplicity of interests has been provided so that as many children as possible could be attracted into the scheme".

The utility of introducing the scheme into all the institutions of the State including all English schools cannot be denied and the department has really been doing a commendable service by enlisting the service of experts in these lines of activity. Further, one of the chief aims of education should be to give the pupils vocational bias to take a proper place as citizens when they pass out of the schools. The department has been extending the activities of vocational welfare instruction and I urge that more schools should be brought within the purview of this scheme and then it should be introduced and extended to English schools also.

MR. P. KUNJUKRISHNAN: I have great pleasure in supporting the motion. As can be seen from the activities of the students, the whole scheme is serving a very useful purpose. It has become popular in the areas in which this scheme has been introduced. The instructions are given to the children in a most impressive period so that the lessons which they learn in those days will stand them in good stead when they grow up as citizens. We find that special attention is paid for the development of the body, for imparting instructions on principles of cleanliness and also affording them facilities for various kinds of exercises, both indoor and outdoor. We find that a genuine taste for literature is also attempted to be created in the minds of the pupils. Instruction is imparted in first aid, military drill and A. R. P. All these, in my view, are very necessary to make the child a practical man when he grows up. These create in him a sense of discipline and orderliness. So also a taste for agriculture and industries is also

very essential not only to develop his health and give better recreation but also to give practical training in the matter of earning his livelihood in future. We find that a proper foundation is laid for the boy even while he is in school mainly engaged in learning lessons of practical utility for after life. That will not only help him in his future life but also his parents. So also what we learn in the actual mode or art of living is very important. All these important matters must more and more engage the attention of the department. We find that the whole scheme is progressing from day to day.

I will suggest certain improvements that can be made in the working of the scheme as at present. My submission is that the scheme can be introduced in all schools of the State. If need be it can be made compulsory. So also, if an examination is provided so far as these subjects are concerned, I think it will do for the success of the scheme. It is necessary that sufficient supervision should be had by the superior officers of the department to see whether the working of the scheme is progressing all right. Now the vocationally trained teachers are given charge of classes in the ordinary sense of the term. They are not at present exerting their entire time for imparting special training which they have acquired. My submission is that these teachers may be set free from the duties of the ordinary class teachers so that they can engage themselves practically for the purpose of vocational teaching.

The House adjourned for lunch and met again at 3 P. M., the Deputy, President presiding.

MEMBER SWORN.

Dr. S. John took the oath and signed the rolls.

MR. P. KUNJUKRISHNAN: Sir, I was referring to the affording of sufficiant facilities to the various centres of agricultural and industrial activities. I submit that necessary facilities may be provided to these centres in the matter of seeds, proper implements etc. I may also point out that in the case of teachers who have, in addition to the normal duties, vocational classes, a small allowance, say of Rs. 5 may be granted for the additional work which they turn out. With these words, I support the motion.

MR. A. GOPALA MENON; I am very happy that appreciation has been expressed by the honourable members with regard to the work done in the vocational instruction branch of the Education Department. The work is at present only on a small scale. The idea is to provide a healthier, cleaner and happier atmosphere in the Malayalam and Tamil Middle schools in the State. It is not therefore vocational in the strict sense. It will be easy to any kind of English School to make similar arrangements in its curriculam for games, scouting and so forth. In Malayalam Schools such things are new. The scheme has been introduced only in two divisions of the State so far, because of the paucity of facilities for training men for this kind of work. This work is going to be carried on year after year extending from Division to Division. Many members have expressed now and on previous occasions that a definite agricultural bias should also be given during

[Mr. A. Gopala Menon]

the period of the training. It cannot be done immediately because of the paucity of men. But Government are definitely of the opinion that the secondary school educatien of the State must assume a different form from that which exists at present. In that view Government are appointing a Committee for reforming education both secondary and primary and the introduction of vocational training in all schools will be carried out on the report of that Committee. Therefore the question may lie over for some time. In the mean time, the work now carried on will be pushed through as far as possible.

In regard to the payment of extra allowance to the teachers who are attending vocational classes, over and above the normal duties, I am sorry, it is not possible to come to an arrangement. Vocational training is not anybody's speciality but it must be common to all the teachers and all the boys in the institution. But some relief, which is necessary, is given to the teachers for the extra work of which they are in charge. All the teachers are expected to share in the work as far as possible. The question of allowance will have to wait until a definite vocational training is introduced.

SADASYATILAKA T. K. VELU PILLAI: Were there not some findings about vocational institutions ?

MR. A. GOPALA MENON: There were some findings but they were not put into operation.

SADASYATILAKA T. K. VELU PILLAI: What are the special reasons for that ?

MR. A. GOPALA MENON: It will be taken up at the time of reorganisation after the war.

SADASYATILAKA T. K. VELU PILLAI: How many teachers are there ?

MR. A. GOPALA MENON: There are 150 middle school teachers both departmental and aided.

SADASYATILAKA T. K. VELU PILLAI: In which of the Divisions are these schools in existence now ? Are there vocational schools in Trivandrum ?

MR. A. GOPALA MENON: In Trivandrum and Quilon Divisions vocational training is given now.

MR. KUNJU PANICKER: Are we to wait till the war is over for the new programme ?

MR. A. GOPALA MENON: The work of reconstruction is already started in all countries.

MR. PULIYOOR T. P. VELAYUDHAN PILLAI: May I know whether teachers have been deputed to the Thiruvalla Taluk ?

MR. A. GOPALA MENON: Not yet.

MR. KOTTALIL P. ABRAHAM: Will the Welfare Officer be able to give lectures in the Kottayam Division ?

MR. A. GOPALA MENON: There is no use of giving such lecture without the training.

The motion was, by leave withdrawn.

MR. S. NARAYANA PILLAI: Sir, I move

to reduce the allotment of Rs. 1,65,000 for grants-in-aid to Non-Government Malayalam and Tamil Schools by Re. 1.

to urge the need for raising the grant to Malayalam and Tamil School teachers as a war time measure. Sir, the subject may be called some thing like a hardy annual, because on almost every occasion of the Assembly, it comes up and the department concerned and the Government have always been most sympathetic but in spite of that sympathy, nothing has been done so far. In spite of the annual surpluses which we have been able to earn, we have not been able to do anything at all. The matter, as we know means only a small addition to the poor income of the poor teachers employed in Tamil and Malayalam private Schools. From the statistics of the Department it is gathered that about 62 per cent. of the school-going children are undergoing instruction in private schools and only 36·8 per cent. get the benefit of instruction in departmental schools. I think it is not necessary for me to detail here the difficulties of these teachers. They have been I understand, brought to the notice of the Government and of the members of this House during this week itself by various deputations and memorials. These petitions contain descriptions of their present day difficulties which are so unbearable when compared to their position before the war situation began to develop. The grant-in-aid which they used to get was insufficient for their daily expense. As the war situation developed, the cost of foodstuffs went soaring up and it is found that these poor teachers are hardly able even to live particularly because of the difficulty of obtaining foodstuffs even if they pay high prices. They have to spend days at the threshold of the office of the Tahsildar who is able occasionally to give them 3 or 4 nazhies of rice. The petitions which we have received are mainly concerned with the difficulty in the obtaining of provisions. They pray that they may be given some concession during these very hard times.

I am glad to note that in this year's budget allotment under Primary schools grant-in-aid to Primary schools has risen from Rs. 8,25,000 to Rs. 8,70,000 of which Rs. 20,000 comprises the amount of grant that is reserved for arrears of grant. So, the increased provision does not indicate any attempt to increase the grant paid to individual teachers.

With regard to foodstuffs, these teachers are classed worse than peons as the latter are better paid and are given the benefit of increased rations.

So I beg the Department and Government will be pleased to consider this question and make a rise in the grant paid to private school teachers as a war time measure at least for the duration of the war.

MR. K. P. KOCHUKORA THARAKAN: സർ, സാധുക്കളായ ഗ്രാൻറ്സ്കൂൾ അദ്ധ്യാപകന്മാർക്ക സാധാരണ കാലങ്ങളിൽ പോലും നിത്യാവശ്യത്തിനുള്ള ശമ്പളം ലഭിക്കുന്നില്ല. മററു അദ്ധ്യാപകന്മാർക്ക കിട്ടുന്ന യാതൊരു സൗജന്യങ്ങളും അവർക്കില്ല. ഇന്നത്തെ യുദ്ധപരിതസ്ഥിതിയോടുകൂടി അവരുടെ നില കൂടുതൽ ദയനീയമായിത്തീർന്നു.

[Mr. K. P. Kochukora Tharakan.]

സാമാനങ്ങളുടെ വില അമിതമായി വർദ്ധിച്ചു. എന്നാൽ അവർക്കുകിട്ടുന്ന ഗ്രാൻറിൽ ഒററചക്രം പോലും കൂടുതൽ കിട്ടുന്നില്ലതാനും. അങ്ങനെയിരിക്കുന്ന ഈ സന്ദർഭത്തിൽ വാർ അലവൻസായി രണ്ടു രൂപാവീതമെങ്കിലും അവർക്കു കൊടുക്കുവാൻ ഡിപ്പാർട്ടുമെൻറിനു സന്മനസ്സുണ്ടാകേണ്ടതാണ്.

ഇതിലെല്ലാത്തിനും ഉപരിയായി ഡയറക്ടർ അവർകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതു അവർക്കു നൽകുന്ന ഗ്രാൻറ് അവർക്കുതന്നെ ശരിയായി കിട്ടുന്ന കാര്യത്തിലാണ്. മാനേജർമാർ അവർക്കു ഗവൺമെൻറു കൊടുക്കുന്ന ഗ്രാൻറുകൾ മുഴുവൻ അദ്ധ്യാപകന്മാർക്കു നൽകിവരുന്നില്ലാ എന്നുള്ള പരാതികൾ നാം മുറയ്ക്കു കേൾക്കുന്നുണ്ടു. മി. പി. എസ്. മഹമ്മദ് പറഞ്ഞതുപോലെ അഞ്ചൽ മാർഗ്ഗം അവർക്കു നേരിട്ടു കിട്ടത്തക്കനിലയിൽ അയച്ചു കൊടുത്താലും തരക്കേടില്ല. അല്ലാത്തപക്ഷം കടലാസിൻെറ വില, പെൻസിലിൻെറ വില എന്നെല്ലാം പറഞ്ഞു മാനേജർമാർ കണക്കെഴുതിയെടുത്തതിൻെറ ശേഷം ഒരംശം മാത്രമെ അവർക്കു കൊടുക്കുകയുള്ളു.

മറെറാരു സംഗതി, ഈ ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാർക്കു റേഷൻ അരി കിട്ടുന്നില്ലാ എന്നുള്ളതാണ്. മററദ്ധ്യാപകന്മാർക്കു അവർ എത്ര ഭൂസ്വത്തുകാരായാലും കൊള്ളാം, എത്രായിരം പറ നെല്ലു് ഇന്നത്തെ കൺട്രോൾ നിരക്കനുസരിച്ചു് ഗവൺമെൻറിലേക്കു കൊടുക്കുന്നവരായാലും കൊള്ളാം റേഷൻ അരി കൊടുക്കുന്നുണ്ടു്. സാധുക്കൾക്കു് കൊടുക്കാതെ ഗവൺമെൻറ സ്കൂൾ അദ്ധ്യാപകന്മാർ എന്നുള്ള തണലിൽ ഉള്ളവർക്കു മാത്രം കൊടുക്കുന്നതു ഏററവും പരിതാപകരായ ഒരു സംഗതിയാകുന്നു.

RAJYASEVAPRAVINA G. PARAMESWARAN PILLAI: നെല്ലുള്ളവർക്കാക്കും റേഷൻ അരി കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

MR. K. P. KOCHUKORA THARAKAN: സർ, നെല്ലുള്ളവർക്കു റേഷൻ അരി കൊടുക്കരുതെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അതു പാലിയ്ക്കാതെ വിതരണാധികാരികൾ ഇപ്പോഴും കൊടുക്കുന്നു എന്നുള്ളതിനു പല ഉദാഹരണങ്ങൾ വേണമെങ്കിൽ എനിക്കു പറയുവാൻ കഴിയുന്നതാണ്.

ഈ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ മിക്കവാറും ഭൂസ്വത്തുമൊന്നുമില്ലാത്ത സാധുക്കളാണ്. അവർക്കു ഗവൺമെൻറിൻെറ റേഷൻസപ്ലൈ

അല്ലാതെ മറെറാരാശ്രയവുമില്ല. വിശേഷിച്ചും, ഈ ഗ്രാൻറിനെ മാത്രം ഉദ്ദേശിച്ചു ദൂരദിക്കുകളിൽനിന്നു പോലും വന്നുതാമസിക്കുന്ന അദ്ധ്യാപകന്മാർക്ക് ആഹാരസാധനങ്ങൾ കിട്ടാതെവരുന്നതു എത്രയും വലിയ സങ്കടത്തിന്നിടയുള്ളതാണ്.

MR. A. GOPALA MENON : ദൂരദിക്കുകളിൽ താമസിക്കുന്നവരായിമിക്കവാറും ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാരിൽ അധികംപേരെ കാണുകയില്ല. അവരവരുടെ ദിക്കിൽതന്നെയുള്ളവരാണു അധികവും.

MR. K. P. KOCHUKORA THARAKAN : ഈ ഗ്രാൻറിനെമാത്രം ഉദ്ദേശിച്ചു സ്വന്തദിക്കു വിട്ട് അന്യദിക്കുകളിൽ പോയി ജോലിനോക്കുന്ന അനേകം അദ്ധ്യാപകന്മാരെ എനിക്കു നേരിട്ടു അറിയാവുന്നതാണു.

MR. KOTTALIL P. ABRAHAM : അവരവരുടെ ദിക്കിൽ തന്നെ അരി കിട്ടാൻ വിഷമമല്ലേ?

MR. K. P. KOCHU KORA THARAKAN : അതും വളരെ വിഷമമാണു. അതിലേറെ വിഷമമാണ്, അന്യനാട്ടിൽ അരികിട്ടാതെ ജീവിക്കുകയെന്നുള്ളത്. ഇവർ ചെയ്യുന്ന ജോലിക്കു ശരിയായ ശമ്പളമൊ കിട്ടുന്നില്ല, പോരെങ്കിൽ അരിയൊ നെല്ലോ ബജ്റായൊ ഒന്നുംതന്നെ അവർക്കു യഥേഷ്ടവിധം കൊടുക്കുന്നുമില്ല. പതിനെട്ടു ശ്രുപായും അതിൽ കൂടുതലും ശമ്പളം വാങ്ങുന്ന ഗവൺമെൻറു പള്ളിക്കൂടം വാദ്ധ്യാരന്മാർക്കു അരിയും നെല്ലും ആവശ്യത്തിനു കൊടുക്കുമ്പോൾ ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാരോടു ഇത്തരത്തിൽ ഒരു പ്രത്യേകമനോഭാവം തോന്നുന്നതും കാണിക്കുന്നതും വളരെ കഷ്ടമാണ്

MR. K. R. NARAYANAN : ഗ്രാൻറു സ്കൂൾഅദ്ധ്യാപകന്മാർക്കു ഒരു സ്ഥലത്തും അരി കൊടുക്കുന്നില്ലെന്നാണോ മെമ്പർ പറയുന്നത്?

MR. K. P. KOCHUKORA THARAKAN : ചുരുക്കം ചില സ്ഥലങ്ങളിൽ കൊടുക്കുന്നുണ്ടായിരിക്കാം. എന്നാൽ പറവൂർ, മൂവാററുപുഴ, കുന്നത്തുനാടു ഈ താലൂക്കുകളിൽ പല സ്ഥലങ്ങളിലുമുള്ള ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്കു അരി ലഭിക്കുന്നില്ലെന്നു പരാതിപ്പെട്ടുള്ള പല എഴുത്തുകളിൽ നിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

RAJYASEVAPRAVINA G. PARAMESWARAN PILLAI : ഇവർക്കു കൂടുതൽ കിട്ടുന്നില്ലെന്നൊ, അല്ലെങ്കിൽ മററുള്ളവർക്കു കൊടുക്കുന്നതുപോലെ ഇവർക്കും കൊടുക്കുന്നില്ലെന്നൊ, അതൊ അശേഷവും കിട്ടുന്നില്ലെന്നൊ എന്താണു ഇവരുടെ പരാതി?

MR. K. P. KOCHUKORA THARAKAN : അശേഷവും കിട്ടുന്നില്ലെന്നാണ്. ഗവൺമെൻറു സ്കൂൾ അദ്ധ്യാപകന്മാർക്കും ഗ്രാൻറു സ്കൂൾ അദ്ധ്യാപക

[Mr. K. P. Kochukora Tharakan.]
ന്മാർക്കും ശമ്പളത്തിനുള്ള വ്യത്യാസംപോലെ തന്നെ കൺട്രോൾ സാധനങ്ങൾക്കും വ്യത്യാസം വരുത്തിയിട്ടുള്ളതായി കാണുന്നു. ഇങ്ങനെ വ്യത്യസ്ഥമായ തോതിലാണെങ്കിലും ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാർക്കും (അരി കൊടുക്കുവാൻ ഗവണ്മെൻറു ആർഡർ അയച്ചിട്ടുണ്ടെങ്കിലും) ഇനിയും പല സ്ഥലങ്ങളിലും അവർക്കു അരി കിട്ടുന്നില്ല.

RAJYASEVAPRAVINA G. PARAMESWARAN PILLAI : എവിടെയാണ് ഇങ്ങനെ അരി കിട്ടാതിരിക്കുന്നതു്? ഒരു സ്ഥലം പറയാമോ?

MR. K. P. KOCHUKORA THARAKAN: വേണ്ടൂർ ഗ്രാൻറുസ്കൂളിലെ അദ്ധ്യാപകന്മാർക്കു അരി കിട്ടുന്നില്ലാ എന്നു എനിക്കു എഴുതി അയച്ചിരിക്കുന്നു. അങ്ങനെ വേറെയും സ്ഥലങ്ങൾ ഉണ്ടു്. വേണമെങ്കിൽ എനിക്കു വന്ന എഴുത്തുതന്നെ അങ്ങു് തരാവുന്നതാണ്.

സർ, ഇവരോടു് ഗവണ്മെൻറിനാകട്ടെ, മാനേജരന്മാർക്കാകട്ടെ യാതൊരനുകമ്പയും തോന്നാത്ത ഒരു മനോഭാവമാണു കാണുന്നതു്. മാനേജരന്മാരിൽ നിന്നു കൂടുതലായി ഒന്നും പ്രതീക്ഷിക്കേണ്ടതായില്ലാ. ഗവണ്മെൻറങ്കിലും കുറെക്കൂടി അനുകമ്പയോടുകൂടി ഇവരെ വീക്ഷിക്കേണ്ടതാണ്. അതുകൊണ്ടു ഇന്നത്തെ യുദ്ധപരിതസ്ഥിതിയെ പരിഗണിച്ചു ഒരു ഡീയർനെസ അലവൻസെങ്കിലും ഇവർക്കു നൽകുവാൻ ദയവുണ്ടാകണമെന്നും കൺട്രോൾ സാധനങ്ങൾ മററുള്ളവർക്കുള്ളതുപോലെ ഇവർക്കും കൊടുക്കുന്നതിനു ഏർപ്പാടു ചെയ്യണമെന്നും എനിയ്ക്കപേക്ഷയുണ്ടു.

MR. M. SIVATHANU PILLAI : എന്തുകൊണ്ടാണു് ഗവണ്മെൻറും മാനേജരന്മാരും ഇവരോടു് ഇത്ര നിർദ്ദയമായി പെരുമാറുന്നതു്?

MR. K. P. KOCHUKORA THARAKAN : ഇവർക്കു ന്യായമായി കിട്ടേണ്ടതായ ഗവണ്മെൻറുസഹായങ്ങൾ യാതൊന്നും തന്നെ കിട്ടുന്നില്ല. ഞാൻ മുൻപു പറഞ്ഞതുപോലെ റേഷനിംഗ് തന്നെ വ്യത്യസ്ഥരീതിയിലാണ്. മററുള്ളവർക്കു ആറു പറ നെല്ലു കൊടുക്കുമ്പോൾ ഇവർക്കു മൂന്നു പറ നെല്ലേ കൊടുക്കുന്നുള്ളു. അവർക്കു ആ ൬ പറ നെല്ലും എന്നും കിട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇവരുടെ ൩ പറ നെല്ലു കിട്ടുന്നുമില്ല. ഈ തോതുകൾ നിശ്ചയിച്ചതു ശമ്പളത്തിന്റെ തോതുവച്ചായിരിക്കണം. ൫൨ രൂപാക്കാർക്കു ൬ പറ നെല്ലു കൊടുക്കുമ്പോൾ ൨൫ രൂപ കിട്ടുന്ന ഇവർക്കു ൩ പറ നെല്ലു കൊടുക്കുന്നതു തന്നെ ഒരു ഔദാര്യമാണല്ലോ. പക്ഷെ, ഇവർക്കും മററവരെപ്പോലെതന്നെ ഭാര്യയും കുട്ടികളുമെല്ലാമുണ്ടു എന്നു ഗവണ്മെൻറു ധരിച്ചാൽ കൊള്ളാം. അവർക്കും ശാ

പ്പാട് കഴിക്കേണ്ടേ? അതിനാൽ അരി മുതലായ കൺട്രോൾ സാധനങ്ങൾ വിതരണം ചെയ്യുന്നകാര്യത്തിൽ ഗവണ്മെൻറു സ്കൂൾ അദ്ധ്യാപകന്മാരും ഗ്രാൻറു സ്കൂൾ അദ്ധ്യാപകന്മാരും തമ്മിൽ യാതൊരു വ്യത്യാസവും കാണിയ്ക്കുവാൻ പാടുള്ളതല്ല. ഇവർക്ക് ശമ്പളം കൂട്ടിക്കൊടുക്കേണ്ടതാണെന്നു ഈ അസംബ്ളിയിൽതന്നെ ഒരു നിശ്ചയംകൊണ്ടുവന്നു പാസാക്കിയിട്ടുണ്ടെങ്കിലും ഇന്നും അതു നടപ്പിൽ വരാതിരിക്കുകയാണ്. ഇപ്പോൾ വാർ അലവൻസിൻെറ കാര്യം വന്നപ്പോഴും ഡയറക്ടർ അവർകൾ ഇവരെ വിസ്മരിച്ചുകളഞ്ഞു. അതുകൊണ്ടു ഗ്രാൻറു കൂടുതൽകൊടുക്കുന്ന കാര്യത്തിലും കൺട്രോൾ സാധനങ്ങൾ ന്യായമായി എല്ലാവർക്കും ഒരുപോലെ വിതരണം ചെയ്യുന്ന കാര്യത്തിലും ഗവണ്മെൻറ് കൂടുതൽ നിഷ്കർഷിയ്ക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

MR. N. NARAYANA KURUP: സർ, ഈ കാര്യത്തെ ആസ്പദമാക്കി ഞാനും ഒരു ഉപക്ഷേപം അയച്ചിട്ടുള്ളതുകൊണ്ട് ഈ സന്ദർഭത്തിൽ ഇതിനെപ്പററി രണ്ടു വാക്കു സംസാരിക്കാമെന്നു വിചാരിക്കുന്നു. ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ഗ്രാൻറിൻെറ തുക വർദ്ധിപ്പിക്കണമെന്നുള്ളതു ഈ നിയമസഭയിൽതന്നെ പലപ്പോഴും വാദപ്രതിവാദത്തിനു വിഷയമായിട്ടുണ്ട്. അപ്പോഴെല്ലാം ഏററവും അനുകമ്പയോടുകൂടി ഡയറക്ടർ അവർകൾ പറയുന്നതു് ഏതാണ്ടു ഭീമമായ ഒരു തുക ഗ്രാൻറു വർദ്ധിപ്പിക്കുകയാണെങ്കിൽ ചെലവുവരുമെന്നാണ്. സർ, ഒരു ഉപകാരം ചെയ്യണമെന്നു വിചാരിക്കുന്നുവെങ്കിൽ സന്ദർഭമനുസരിച്ച് ചെയ്യുന്നതു വളരെ ഉചിതമായിരിക്കും. ഇന്നത്തെ സ്ഥിതി പതിനെട്ടു ഇരുപതു് രൂപ ശമ്പളമുള്ള ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്മാർക്കുപോലും ശമ്പളം ചിലവിനു മതിയാകാതെയിരിക്കുന്ന ഒന്നാണ്. ഇതൊന്നും കിട്ടാത്ത ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററി വിശേഷിച്ചൊന്നും പറയേണ്ടതായിട്ടില്ല. ഈ ഗ്രാൻറ് തുകയിൽതന്നെ ചില പിടിത്തങ്ങൾ ഉണ്ടെന്ന് ഡയറക്ടർ അവർകൾ പറയുന്നു. ഇവരുടെ ഗ്രാൻറ്, കുറഞ്ഞതു പത്തുരൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഒരു ഡീയർനെസ അലവൻസെങ്കിലും ഇവർക്കു നല്കേണ്ടതാണ്. ൫൰ രൂപശമ്പളം കിട്ടുന്ന അദ്ധ്യാപകന്മാർക്കുപോലും ഡീയർനെസ് അലവൻസ കൊടുക്കണമെന്നു ഗവണ്മെൻറു തീരുമാനിച്ചതു ആ തുകകൊണ്ടു അവർക്കു മതിയാകുന്നില്ലെന്നു കണ്ടതുകൊണ്ടാണല്ലോ. ആ നിലയ്ക്കു, ൰ രൂപ ഗ്രാൻറുമാത്രം കിട്ടുന്ന ഈ സാധുക്കൾക്ക് ആ തുക എന്തുമാത്രം മതി

[Mr. N. Narayana Kurup.]

യാകം? ശ്രീമാൻ നാരായണപിള്ള അവർകൾ ഇവിടെ സംസാരിച്ചതു പോലെ അവർക്കു മററുള്ളവർക്ക് കൊടുക്കുന്നതോതിൽ അരിപോലും കൊടുക്കുന്നില്ല എന്നുള്ളതും ഏററവും ദയനീയമായ ഒരു പരമാർത്ഥമാകുന്നു. സർ, ചിറയിൻകീഴ താലൂക്കിൽ ഇതിനെപ്പററി ഒരു പരാതിയുണ്ടായതായി എനിക്കറിയാം. അവിടെ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്ക് കൊടുത്തുകൊണ്ടിരുന്ന അരി ഇപ്പോൾ കൊടുക്കുന്നില്ല. കാരണം, സർക്കാർ അദ്ധ്യാപകന്മാർക്കു ഇപ്പോഴത്തെ ഗവൺമെൻറുതീരുമാനപ്രകാരം കൂടിയതോതിൽ അരികൊടുക്കേണ്ടിവന്നതുകൊണ്ടു ഇവർക്കു കൊടുക്കുവാൻ അരി ഇല്ലാതെ വന്നതാണെന്നു പറയപ്പെടുന്നു. ഇതു എങ്ങനെ നീതീകരിക്കപ്പെടാമെന്നു എനിക്കു മനസിലാകുന്നില്ല. മി. കെ. ആർ. നാരായണൻ ഇവരെക്കൊണ്ടു ബഹുജനങ്ങളുടെയിടയിൽ ആരോഗ്യത്തെപ്പററി പ്രസംഗങ്ങൾ നടത്തണമെന്ന് ഇവിടെ പറയുകയുണ്ടായല്ലോ. ഡയറക്ടർ അവർകൾ അതു കേട്ട് വളരെ സന്തോഷിക്കുകയും ചെയ്തു. ശരിയായ ആഹാരംപോലും കഴിക്കുവാനുള്ള ഒരു പരിതസ്ഥിതി ഇവർക്കില്ലെങ്കിൽ എങ്ങിനെയാണ് ആരോഗ്യത്തെപ്പററി ഇവർ പ്രസംഗിക്കുക? വിദ്യാഭ്യാസവിഷയത്തിൽ ൯൦ ശതമാനം പ്രവൎത്തനങ്ങളും നടത്തുന്നതു ഈ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരാണ്. ഈ വസ്തുത ഡയറക്ടർ അവർകളും സമ്മതിക്കുന്നുണ്ട്. ഇവർ പട്ടിണി കിടന്നുകൊണ്ട് വിദ്യാഭ്യാസപ്രവൎത്തനങ്ങൾ എങ്ങനെ നടത്തണമെന്നാണ് ഡയറക്ടർ അവർകൾ പറയുന്നതു? മി. നാരായണൻ വായുടെ മുൻപിൽ ഓരോ പോലീസുകാരെ നിറുത്തുന്നതിനെപ്പററി ഇവിടെ പറയുകയുണ്ടായി. മുൻപിലല്ലാ, വായ്ക്കകത്തുതന്നെ പോലീസുകാരെ നിറുത്തിയിരുന്നാലും വിശന്ന് എരിപൊരിക്കൊള്ളുമ്പോൾ ആവശ്യത്തിനുള്ള ആഹാരസാധനങ്ങൾ കിട്ടാതിരിക്കുന്ന പക്ഷം കൈയ്യിൽ കിട്ടുന്നവ കഴിക്കുകതന്നെ ചെയ്യും. ആ നിലയ്ക്ക് എത്രയും അനാരോഗ്യത്തോടുകൂടി ജീവിക്കേണ്ടിവരുന്ന ഇവരെക്കൊണ്ട് എങ്ങനെയാണ് ആരോഗ്യത്തെപ്പററി പ്രസംഗങ്ങൾ നടത്തിക്കുന്നതു? അതുകൊണ്ട് മററുള്ളവർക്കു കൊടുക്കുന്നതുപോലെയുള്ള ആഹാരസാധനങ്ങൾ ഇവർക്കും കൊടുക്കുവാൻ ദയവുണ്ടാകണമെന്ന് ചീഫ് സെക്രട്ടറി അവർകളോടും ഡയറക്ടർ അവർകളോടും അപേക്ഷിക്കുന്നു. നെല്ലുള്ളവർക്ക് അരി കൊടുക്കണമെന്നു ഞാൻ പറയുന്നില്ല. ഇല്ലാത്തവർക്കു മററുള്ളവർക്കു കൊടുക്കുന്നതുപോലെ കൊടുക്കണം.

സർ, ഈ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ഇവിടത്തെ നില ഏററവും ശോച്യമായ ഒന്നാണ്. റിക്രൂട്ടുമെൻറാണെങ്കിൽ ഇവർക്കില്ല.

ഇവരുടെ സർവീസ് ഗവണ്മെൻറു നിയമനങ്ങൾ നടത്തുമ്പോൾ ഒരു തരത്തിലും പരിഗണിക്കപ്പെടുന്നില്ല. ശമ്പളത്തെപ്പറ്റിയാണെങ്കിൽ പ്രമോഷൻ കിട്ടുന്ന ഗ്രേഡുകളൊന്നും ഇവക്കില്ല. പബ്ലിക്ക് സർവീസ് ചട്ടമനുസരിച്ചു ഇവരെക്കൂടി സർവീസിൽ പ്രവേശിപ്പിക്കാമെന്നു വച്ചിട്ടുണ്ട്. എന്നാൽ വളരെക്കുറച്ചു മാത്രമെ ഈ ചട്ടമനുസരിച്ചുള്ള നിയമനങ്ങൾ നടക്കുന്നുള്ളു. മററുള്ളവർക്കുള്ള ക്യാഷ്വൽലീവുപോലും ഇവക്കില്ല. പത്തുദിവസമൊ മററൊ ഉണ്ട്. മററുള്ളവർക്ക് പതിനാലു ദിവസവും ഉണ്ട്.

MR. A. GOPALA MENON: ഗ്രാൻറഡ്സ്കൂൾ അദ്ധ്യാപകന്മാർക്ക് ഇതിനു മുൻപ് മനേജർമാർ എത്ര ദിവസത്തെ ക്യാഷ്വൽ ലീവാണു കൊടുത്തുകൊണ്ടിരുന്നതെന്ന് മെമ്പർക്കറിയാമോ?

MR. N. NARAYANA KURUP: മുൻപ് ഇതുയുംപോലും കൊടുത്തിരുന്നില്ലെന്ന് എനിക്കറിയാം. അതിനെക്കാൾ കൂടുതൽ ദിവസം ഇപ്പോൾ ഴത്തെ ഡയറക്ടർ അവർകളുടെ ഉത്തരവുകൊണ്ട് അവർക്കു കിട്ടുന്നുണ്ട്. അതിൽ അവർക്കു നന്ദിയില്ലെന്നല്ലാ ഞാൻ പറഞ്ഞതു്. പക്ഷെ കൂടുതൽ കൊടുക്കണം, മററുള്ളവർക്കു ലഭിക്കുന്ന ക്യാഷ്വൽ ലീവിനോടൊപ്പം കൊടുക്കണം.

ഇവർക്ക് കിട്ടുന്ന ശമ്പളംതന്നെ മുഴുവൻ കിട്ടുന്നില്ലെന്നുള്ളതു പോകട്ടെ. ഉള്ള ശമ്പളംതന്നെ വളരെ വിഷമിച്ചും കാലതാമസംവരുത്തിയുമാണ് കിട്ടുന്നതു്. മെമ്മൊ പുതുക്കുക എന്നൊരു ഏർപ്പാടുണ്ട്. മുൻപ് അതു് മൂന്നു കൊല്ലത്തിലൊരിക്കൽ പുതുക്കണമെന്നായിരുന്നു നിയമം. ഇപ്പോൾ അതു് ആണ്ടോടാണ്ട് വേണമെന്നായിട്ടുണ്ട്. ഡയറക്ടർ അവർകൾ മെമ്മോ പുതുക്കുന്ന കാര്യത്തിൽ കാലതാമസം വരാതെയിരിക്കുവാൻ കർശനമായി വേണ്ടനടപടി നടത്തുന്നുണ്ടെങ്കിലും ഇപ്പോഴും രണ്ടുമൂന്നു മാസത്തെ താമസം വന്നുകൊണ്ടാണ് ഇരിക്കുന്നതു്. അതുകൊണ്ടു അതാതുമാസത്തെ ശമ്പളം അടുത്തമാസം ആരംഭത്തിൽ തന്നെ ഇവക്ക് കിട്ടത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. അഥവാ അതു ചെയ്യുവാൻ ഒക്കുകയില്ലെങ്കിൽ പഴയപോലെ മൂന്നുകൊല്ലത്തിലൊരിക്കൽ മെമ്മോ പുതുക്കികൊടുക്കുന്ന ഏർപ്പാടു വീണ്ടും നടപ്പിൽ വരുത്തിയാലും തരക്കേടില്ലാ.

MR. A. GOPALA MENON: മൂന്നു കൊല്ലത്തിലൊരിക്കൽ മെമ്മോ പുതുക്കണമെന്നാണോ നിർബന്ധം, അതോ ഇവക്കു താമസം കൂടാതെ ശമ്പളം കിട്ടണമെന്നോ?

MR. N. NARAYANA KURUP: ശമ്പളം താമസം കൂടാതെ കിട്ടണമെന്നുള്ളതിലാണ് നിർബന്ധം. അതു സാദ്ധ്യമല്ലെങ്കിൽ, യുദ്ധം കഴി

[Mr. N. Narayana Kurup.]

യുന്നതുവരെയെങ്കിലും, പഴയപോലെ മൂന്നുകൊല്ലത്തിലൊരിക്കൽ മെമ്മോ പുതുക്കികൊടുക്കുന്ന ഏർപ്പാട് എങ്കിലും നടപ്പിൽ വരുത്തേണ്ടതാണ്.

സർ, ഇവർക്ക് യാതൊന്നും പെൻഷനായികൊടുക്കുന്നില്ല. അതുകൊണ്ടു പ്രാവിഡൻറ് ഫണ്ടു ഏർപ്പെടുത്തി എങ്കിലും ഉദ്യോഗം ഒഴിഞ്ഞുപോകുന്ന സന്ദർഭത്തിൽ ഒരു തുക കൊടുത്തു് ഇവരെ അനുഗ്രഹിക്കുന്ന കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിയേണ്ടതാണ്.

MR. TARIATHU KUNJITHOMMEN : സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദമായി അനുകൂലിക്കുന്നു. രാജ്യത്തു് വിദ്യാഭ്യാസവിഷയമായി സാരമായ സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരാണ് ഈ ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാർ. നമ്മുടെ രാജ്യം വിദ്യാഭ്യാസവിഷയമായി ഇൻഡ്യയിൽ ഒരു ഉറച്ച സ്ഥാനത്തു് വന്നിട്ടുള്ളതു് ഇതരരാജ്യങ്ങളെ അപേക്ഷിച്ച് ഗ്രാൻറവിദ്യാലയങ്ങളുടെ കൂടുതൽകൊണ്ടാണ് എന്നു് എല്ലാവർക്കും അറിവുള്ള സംഗതിയാണ്. ഈ ഗ്രാൻറ സ്കൂൾ വിദ്യാലയങ്ങളിലെ അദ്ധ്യയനത്തെപ്പററി പറയുകയാണെങ്കിൽ ഗവണ്മെൻറസ്കൂളിലെ അദ്ധ്യയനത്തേക്കാൾ കൂടുതലും അവരുടെ പരീക്ഷാഫലം വളരെ സ്തുത്യർഹവുമാണ്. അതായതു് ശരിയായ ഒരു രീതിയിലാണ് ഇവർ കുട്ടികളെ പഠിപ്പിക്കുന്നതു്. മാനേജരന്മാരുടേയും, ഗവമ്മെൻറ ഉദ്യോഗസ്ഥന്മാരുടേയും ശരിയായ മേൽനോട്ടത്തിന്മേലും നിയന്ത്രണത്തിന്മേലും ഗ്രാൻറസ്കൂൾ അദ്ധ്യാപകന്മാർ കാര്യക്ഷമമായി അദ്ധ്യയനം നടത്തുന്നുണ്ടു്. എന്നാൽ ഈ വാദ്ധ്യാന്മാർ മുഴവനും അർദ്ധപട്ടിണിക്കാരാണ് എന്നുള്ള സംഗതി വ്യസനസമേതം ഇവിടെ പറയേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തെ ബാലന്മാരെ പഠിപ്പിച്ച് അവരേ ഭാവിപൌരന്മാരാക്കിതീർക്കുന്നതിനായിട്ട് ആത്മാത്ഥതയോടുകൂടി പ്രവത്തിച്ചുവരുന്ന ഈ അർദ്ധപട്ടിണിക്കാരുടെ ആഹാരകാര്യത്തിൽ ഗവമ്മെൻറ് ദയവായി പര്യാലോചിച്ച് അവരുടെ ഇപ്പോഴത്തെ ശമ്പളത്തിൽ അൻപതു് ശതമാനമെങ്കിലും കൂട്ടിക്കൊടുക്കണമെന്നാണു എൻെറ അഭിപ്രായം. അവരേ ഗവമ്മെൻറ് ഉള്ളഴിഞ്ഞു് സഹായിക്കണം. എൺപതുലക്ഷത്തോളം രൂപാ ഇപ്പോൾ നമുക്ക് മിച്ചമുണ്ടെന്നു് ബഡ്ജററിൽ കാണുന്നു. അതു് സന്തോഷാവഹം തന്നെ. എങ്കിലും ഈ അർദ്ധപട്ടിണിക്കാരുടെ ദയനീയാവസ്ഥയെക്കൂടി ഈ ഘട്ടത്തിൽ വേണ്ടതുപോലെ പരിഗണിച്ചില്ലെങ്കിൽ, അതായതു് ആ കൂട്ടരെ പട്ടിണി ഇട്ടു് വിഷമിപ്പിക്കുകയാണെങ്കിൽ അതു് രാജ്യത്തിൻെറ ഐശ്വര്യത്തിനു തന്നെ തികച്ചും ഹാനികരമാണ്.

MR. A. GOPALA MENON : അദ്ധ്യാപകന്മാരുടെ ചുമതലക്കാരായ മാനേജരന്മാർ ഇതിൽ എന്തു ചെയ്തുകൊടുക്കണമെന്നാണ് മെമ്പരുടെ അഭിപ്രായം?

MR. TARIATHU KUNJITHOMMEN : അവർ ചെയ്യാവുന്നിടത്തോളം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഗ്രാൻറുസ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ഗവൺമെൻറുസ്കൂളിൽ പഠിക്കുന്ന കുട്ടികളേക്കാൾ ഒട്ടും മോശക്കാരല്ല. ഗവൺമെൻറു സ്കൂളുകളിൽ ചെലവാകുന്ന തുകയിൽ പകുതി മാത്രമേ ഈ സ്കൂളുകളിലേക്കു ചെലവാകുന്നൊള്ളു. അങ്ങനെ നോക്കിയാലും ഗവൺമെൻറിലേക്ക് ആണ്ടുതോറും ഒരു വലിയ സംഖ്യ ഈ വിദ്യാലയങ്ങൾമുഖേന മിച്ചം വരുത്തുന്നുണ്ട്. ഗ്രാൻറുപള്ളിക്കൂടങ്ങളിലെ മാനേജരന്മാർ വളരെ പ്രയാസപ്പെട്ട് കെട്ടിടം കെട്ടി, അതിൽ വേണ്ടത്തക്കസാമാനങ്ങളും മററും ശേഖരിച്ചു കുട്ടികളെ പ്രോത്സാഹിപ്പിച്ചും മററുമാണ് പഠിപ്പിച്ചുവരുന്നത്. നമ്മുടെ രാജ്യത്ത് ക്രിസ്ത്യാനികളും നായന്മാരും മുസ്ലീംകളും ഇതുപോലുള്ള വിദ്യാലയങ്ങൾ നടത്തുന്നുണ്ട്. അങ്ങനെ ഗവമ്മെൻറിൻെറ ഒരു വലിയ ഭാരം ഇവരുകൂടി ചുമക്കുമ്പോൾ എന്തുകൊണ്ട് അവരെ ഗവൺമെൻറ് സഹായിച്ചുകൂടാ? ഗവൺമെൻറിന് എത്ര തുച്ഛമായ ചിലവാണ് അവരേ സംബന്ധിച്ച് ഉണ്ടാകുന്നത്, എന്ന് ഗവൺമെൻറു ഓർക്കേണ്ടതാണ്.

MR. A. GOPALA MENON : വേറെ ഏതെങ്കിലും രാജ്യത്ത് ഈ പതിവുണ്ടോ എന്ന് പറയാമോ?

MR. TARIATHU KUNJITHOMMEN : ഏതു രാജ്യത്ത് ഇതുപോലെ മിച്ചമുള്ള ഒരു ബഡ്ജററ് ഉണ്ട്, ഇതുപോലെ വിദ്യാഭ്യാസമുണ്ട്, എന്നാണു ഞാൻ ചോദിക്കുന്നത്. ഇത്രയും വിദ്യാഭ്യാസം ഉയർന്ന നിലയിൽ പ്രാപിച്ചിട്ടുള്ള ഒരു രാജ്യത്ത് അതിൻെറ അഭ്യുന്നതിക്കുവേണ്ടി ശരിയായി പ്രവത്തിക്കുന്നില്ലെങ്കിൽ മേലാൽ വിദ്യാഭ്യാസത്തെത്തന്നെ അധഃപതിപ്പിക്കുകയാണ് വേണ്ടത്. ഈ ബഡ്ജററിൽ കാണുന്ന മിച്ചം പൊതുജനങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതാണ്. അങ്ങനെ ഉണ്ടായിട്ടുള്ള ഒരു മിച്ചത്തെ പൊതുജനങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ചെലവഴിക്കരുതോ എന്നാണ് ഞാൻ ഗവൺമെൻറിനോട് ചോദിക്കുന്നതു. ഇതിനെപ്പററി മി. തരകൻ പറഞ്ഞ അഭിപ്രായം വളരെ ശരിയാണ്. എന്തെന്നാൽ ഗ്രാൻറുപള്ളിക്കൂടം അദ്ധ്യാപകന്മാരും മനുഷ്യരാണു. അവർക്കും വായും വയറും ഉണ്ട്. ആഹാരം കഴിക്കുകയും വേണം. അവരുടെ സങ്കടങ്ങളെ പരിഹരിക്കേണ്ടതു മാനേജരന്മാരാണെന്നു പറയുന്നതു വളരെ കഷ്ടമാണ്. മാനേജരന്മാർ എന്തിനെല്ലാം തയ്യാറാണം. അവർ പള്ളിക്കൂടങ്ങളിലെ ചിലവു മുഴുവനും വഹിച്ചു വിദ്യാ

[Mr. Tarisathu Kunjithommen.]

ഭ്യാസം നടത്തണം എന്നു പറയുന്നതു ഒട്ടും ന്യായമല്ല. വിശേഷിച്ചും ഈ യുദ്ധാപരിതഃസ്ഥിതിയിൽ രാജ്യം ഒട്ടുക്ക് ആഹാരസാധനദൌർലഭ്യം ഉണ്ടായിരിക്കുമ്പോൾ അവർ എങ്ങിനെയാണു ഈ കാര്യത്തിൽ അവരുടെ അദ്ധ്യാപകന്മാരെ സഹായിക്കുന്നതു? അതുകൊണ്ട് നിശ്ചയമായും ഗവണ്മെന്റുതന്നെ ഇതിനു ഒരു പോംവഴി ഉണ്ടാക്കണം. അതുപോലെ തന്നെ ഇവരുടെ സർവീസിനെപ്പററി പറയുകയാണെങ്കിൽ അതു അതിലും കഷ്ടം. ഇവർക്ക് മററു ഡിപ്പാർട്ടുമെന്റുകളിൽ പ്രവേശനം കിട്ടാതെ അവരുടെ ജന്മം മുഴുവനും ഗ്രാന്റുസ്കൂൾ അദ്ധ്യാപകനായിത്തന്നെ കഴിയേണ്ടിയിരിക്കുന്നു. ഗവണ്മെന്റാണെങ്കിൽ വക്കീലന്മാരെ മുൻസിഫന്മാരായും മജിസ്ട്രേട്ടന്മാരായും മററും നിയമിക്കുന്നുണ്ട്. അങ്ങിനെ വെളിയിൽനിന്നും ആളുകളെ ഇങ്ങനെയുള്ള ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കാമെങ്കിൽ ഇവരേക്കൂടി അവരുടെ പരീക്ഷായോഗ്യതയനുസരിച്ച് മററു ഡിപ്പാർട്ടുമെന്റുകളിൽ പ്രവേശിപ്പിച്ചുകൂടയോ? അവരുടെ അദ്ധ്യാപനരീതി സ്തുത്യർഹമാംവണ്ണം ശരിയായ രൂപത്തിൽ നടത്തുന്നു എന്ന് എഡ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും കാണുന്നു. ഞാൻ പറയുന്നതു് ഇങ്ങനെ ഗവണ്മെന്റിൽനിന്നും ചെയ്യേണ്ടസഹായങ്ങൾ ഒരു പ്രദേശത്തുള്ളവർക്കോ ഒരു സമുദായക്കാർക്കോ അല്ല. ഗ്രാന്റുസ്കൂൾ അദ്ധ്യാപകന്മാർ എന്നു പറയുന്നതു ഒരു പ്രത്യേകമതത്തിൽപെട്ടവരല്ല. എല്ലാ വിഭാഗത്തിലുള്ളവരും, അവരിൽ ഉണ്ട്. സകലതിന്റെയും അടിസ്ഥാനം ഈശ്വരവിചാരമാണ്. ഈശ്വരസഹായമില്ലാതെ യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. രാജഭക്തി, ഗുരുഭക്തി, ഈശ്വരഭക്തി ഇതിലെല്ലാത്തിലും കൂടുതലാണ് മതഭക്തി. എന്നാൽ ഈ മതത്തിനെ സംബന്ധിച്ച് പഠിപ്പിക്കുന്നതിനേ അവർക്കു അവസരം കൊടുക്കുന്നില്ല. രാജഭക്തി ഈശ്വരഭക്തിയുടെ ഒരു ഭാഗം മാത്രമാണ്. അതുകൊണ്ട് ഈ വിഷയങ്ങളേപ്പററി പഠിപ്പിക്കുന്നതിനുകൂടെ അവർക്ക് സൌകര്യം കൊടുക്കേണ്ടതാണ്. അങ്ങനെ നമ്മുടെ രാജ്യത്തുള്ള ബാലികാബാലന്മാരുടെ വിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചു അവരേ മനുഷ്യത്വം ഉള്ളവരാക്കിത്തീർക്കുന്ന ഈ പാവപ്പെട്ട ഗ്രാന്റുസ്കൂൾ അദ്ധ്യാപകന്മാരുടെ പട്ടിണിപരിഹാരത്തിനായി ഗവണ്മെന്റു വേണ്ട ഒത്താശ ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ടു പ്രമേയത്തെ പിൻതാങ്ങുന്നു.

MR. T. P. VELAYUDHAN PILLAI : സർ, ഈ വിഷയം ഏററവും പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണ്. ഞാൻ പ്രതിപാദിക്കുന്ന സംഗതി, പ്രൈമറിസ്കൂളുകളിലുള്ള അദ്ധ്യാപകന്മാരെ സംബന്ധിച്ചാണ്. സാധാരണയായി ഗവണ്മെന്റ് ആഫീസറന്മാർക്കും അന്യോദ്യോഗസ്ഥന്മാർക്കും

അരി മുതലായ ഭക്ഷണസാധനങ്ങൾ ഗവൺമെൻറിൽനിന്നും വിതരണം ചെയ്യുന്ന വിഷയത്തിൽ കുറേയൊക്കെ വ്യത്യസ്തമായ ഒരു മനോഭാവം അതിലേയ്ക്കു നിയുക്തരായ അധികാരികൾ സ്വീകരിച്ചുവരുന്നതായി അതിൻെറ പ്രയോഗത്തിൽ അനുഭവപ്പെട്ടിട്ടുണ്ട്. ഗവൺമെൻറു സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നും, സ്ഥിരവും നിർണ്ണിതവുമായ ഒരു മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി വിതരണം നടത്തുന്നുണ്ടെന്നും എനിക്കു ബോദ്ധ്യമുണ്ട്. എന്നാൽ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചു നിശ്ചിതമായ ഒരു തോതോ, നയമോ ഭക്ഷണസാധനവിതരണകാര്യത്തിൽ പ്രദർശിപ്പിച്ചുകാണുന്നില്ല എന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എൻെറ അനുഭവത്തിൽ ഗവൺമെൻറു സ്കൂൾ അദ്ധ്യാപകന്മാരേക്കാൾ കൂടുതൽ അനുഭാവം അർഹിക്കുന്നവർ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരാണ്. കാരണം തിരുവിതാംകൂർ നാടുവാണിരുന്ന പാർവ്വതിറാണി തിരുമനസ്സിലെ കാലത്തു് പ്രൈമറി വിദ്യാഭ്യാസം തിരുവിതാംകൂറിലെ സകല പ്രജകൾക്കും സൌജന്യമായി നൽകുന്നതാണെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ഈ കാര്യത്തിൽ തിരുവിതാംകൂർ പ്രജകൾ എല്ലാപേരും ഒരുപോലെ നന്ദിയുള്ളവരാണ്. ഈ തത്വം ആസ്പദമാക്കി നോക്കുമ്പോൾ ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ നിർവ്വഹിച്ചുവരുന്ന കടമയുടെ പ്രാധാന്യത്തെ നോക്കാതെതന്നെ ഗവൺമെൻറ് അസന്നിഗ്ദ്ധമായി പ്രഖ്യാപനം ചെയ്തു് ഏറെറടുത്തിട്ടുള്ള ഏററവും പ്രയാസമേറിയതും വ്യയഹേതുകവുമായ ഒരു മഹത്തായ കർത്തവ്യാനുഷ്ഠാനത്തിൽ ഗവൺമെൻറിനെ സ്വയമേവ സഹായിക്കുന്നതിനായി പുറപ്പെട്ടു പ്രവർത്തിച്ചുവരുന്ന ഗ്രാൻറുസ്കൂൾ മാനേജ്മെൻറിൽനിന്നും ഗവൺമെൻറിലേയ്ക്കു ലഭിച്ചുവരുന്ന വിദ്യാഭ്യാസവിഷയകമായ സഹായസഹകരണങ്ങളുടെ സാമ്പത്തികമായ വശത്തെ സംബന്ധിച്ചുനോക്കുകയാണെങ്കിൽ തന്നെയും ഗവൺമെൻറു പ്രൈവററുമാനേജ്മെൻറിനോടും അദ്ധ്യാപകന്മാരോടും കൃതജ്ഞതയുള്ളവരായിരിക്കണം. അന്നത്തെ പ്രതിജ്ഞയെ നിർവ്വഹിക്കുന്നതിൽ ഗവൺമെൻറ് എത്ര ഉൽക്കണ്ഠയോടുകൂടി പ്രവർത്തിച്ചാലും വളരെ പ്രതിബന്ധങ്ങൾ നേരിടേണ്ടതായിവരും. തിരുവിതാംകൂറിൽ അധിവസിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം ഗവൺമെൻറുസ്കൂളിൽ നൽകുക എന്നുള്ളതു് വളരെ പ്രയാസമേറിയ ഒരു കാര്യമാണ്. ഗവൺമെൻറ് ഏറെറടുത്ത കടമ നിർവ്വഹിക്കുന്നതിനു വളരെ സന്തോഷത്തോടുകൂടി ഏല്പെട്ടുവരുന്നവരാണിവർ. ഈ കടമ നിർവ്വഹിക്കുന്ന വിഷയത്തിൽ ഗവൺമെൻറിനാണെങ്കിൽ സ്ഥലം വാങ്ങുന്ന

[Mr. T. P. Velayudhan Pillai.]

തിനും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനും സാധനസാമഗ്രികൾ ഉണ്ടാക്കുന്നതിനും വളരെ ധനവ്യയം ചെയ്യേണ്ടിവരുന്നതിനും പുറമേ വാദ്ധ്യാന്മാൎക്കു കൂടുതൽ ശമ്പളം കൊടുക്കേണ്ടതായിട്ടും വരും. ൫൫ വയസ്സ് കഴിഞ്ഞ ഉദ്യോഗസ്ഥന്മാൎക്കു സൎവീസിൽനിന്നും പിരിഞ്ഞുപോകുമ്പോൾ പെൻഷൻ നൽകണം. എന്നാൽ ഗ്രാൻറുസ്കൂളുകളെ സംബന്ധിച്ചാണെങ്കിൽ സ്ഥലം വാങ്ങണമെന്നില്ല കെട്ടിടങ്ങളും സാധനസാമഗ്രികളും ഉണ്ടാക്കുന്നതിനു ധനവ്യയം ഇല്ല; അദ്ധ്യാപകന്മാരുടെ ഗ്രാൻറു കേവലം നാമമാത്രം. അവൎക്കു പെൻഷൻ നൽകേണ്ട ബാദ്ധ്യത ഇപ്പോൾ ഗവണ്മെൻറിനില്ല. ഈ ഏററവും ചുമതലയേറിയ കാൎയ്യത്തിൽ ഗവണ്മെൻറിനെ മനഃപൂൎവം സഹായിച്ചുകൊണ്ടിരിക്കുന്ന പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാരുടെ കാൎയ്യം ഏററവും ഗൗരവമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. അതുകൂടാതെ ഡിപ്പാൎട്ടുമെൻറിൻെറ വ്യവസ്ഥയനുസരിച്ചു നാലാംക്ലാസുവരെ വിദ്യാൎത്ഥികളിൽനിന്നും യാതൊരു പ്രതിഫലവും അവർ ഈടാക്കുന്നില്ല. ഈ കാൎയ്യങ്ങളെല്ലാം നോക്കുമ്പോൾ ഇവൎക്കു കിട്ടിവരുന്ന വ ത്രപാ അവരുടെ ജീവസന്ധാരണത്തിനു തീരെ മതിയാകാതെയാണിരിക്കുന്നത്. ഈ അദ്ധ്യാപകന്മാർ വളരെ സങ്കടം അനുഭവിക്കുകയാണ്. ഈ കാൎയ്യങ്ങളെല്ലാം പരിഗണിച്ച് ഗവണ്മെൻറുപള്ളിക്കൂടങ്ങളെക്കാൾ കൂടുതൽവരുന്ന പ്രൈവററുസ്കൂളുകളിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കത്തക്കവണ്ണമുള്ള ആരോഗ്യം സമ്പാദിക്കുവാനും അവൎക്കു വല്ലവിധവും കഷ്ടിച്ചു ജീവിതം കഴിച്ചുപോകാനും സഹായിക്കേണ്ടതു ഗവണ്മെൻറിൻെറ അപരിത്യാജ്യമായ കടമയാണ്. അവരുടെ ശമ്പളം കൂട്ടണമെന്നു ഞാൻ പറയുന്നില്ല. ഇന്നത്തെ യുദ്ധപരിതസ്ഥിതിയേ പരിഗണിച്ചും ഭക്ഷണസാധനങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസത്തേയും ഭക്ഷണസാധനങ്ങളുടെ വിലവൎദ്ധനവിനേയും പുരസ്കരിച്ചും ഈ കാലമെട്ടും തരണം ചെയ്യുന്നതിനെങ്കിലും അവരെ സഹായിക്കേണ്ടതാണ്. വാർ അലവൻസായിട്ടോ ഡീയർനസ് അലവൻസായിട്ടോ മററോ കൂടുതൽ തുക അവൎക്കു കൊടുത്തു അവരെ സഹായിക്കേണ്ടതു ഗവണ്മെൻറിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണ്. അരിയും നെല്ലും വിതരണം ചെയ്യുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരെ കുററപ്പെടുത്തേണ്ട ആവശ്യമില്ല. തിരുവല്ലാ താലൂക്കു തിരുവിതാംകൂറിലെ ഏററവും കൂടുതൽ ജനസംഖ്യയുള്ള ഒരു താലൂക്കാണ്. അവിടെ ഏകദേശം നാലുലക്ഷത്തോളം ജനങ്ങൾ ഉണ്ട്. അവിടെയുള്ള

ളുപോലെ ഗ്രാൻറു പള്ളിക്കൂടങ്ങളും മറെറാരു താലൂക്കിലും ഇല്ല. ആഹാരസാധനവിഷമതകളെപ്പററി അവിടെയുള്ള ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർ യോഗം കൂടി പ്രമേയം പാസാക്കി ഗവൺമെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാർക്കുകൂടി ഈ വിഷമഘട്ടത്തിൽ അലവൻസു കൊടുക്കുകയും, ആഹാരസാധനവിതരണ കാര്യത്തിൽ, അവർക്കും മററുള്ളവർക്കൊപ്പം വിതരണം ലഭിക്കുന്നതിനു ഗവൺമെൻറു പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു.

SADASYATILAKA T. K. VELU PILLAI: Sir, it is with a very heavy heart I have risen to speak on this motion. The sufferings of these teachers are so great that we must put forth every effort to relieve them of this distress. The motion contemplates to help the teachers of both Malayalam and Tamil schools. I am glad, Sir, that the nomenclature has changed during the last two years, because in the old days there were no separate entities recognised as Tamil schools and I am glad therefore to give my support to this motion because of the belief that the pupils belonging to the Malayali and Tamilian classes, all of them will be equally benefited. I wish to say, Sir, that if these teachers are put to difficulties now, if these teachers have no food, if these individual teachers have to cry for more like Oliver Twist, it is mainly due to the policy generously pursued by the Government for 100 years. For, more than 100 years ago, the Government proferred help for the furtherance of education. The people were taken away from the plough and from the paddy fields to enter schools. They hoped to get appointments in service. After some time that became hopeless. And when people found it difficult to get into the school department, many people consoled themselves in the chance of getting jobs in grant-in-aid schools. These grant-in-aid schools, I need hardly press upon your attention, because you know it so well, are doing a great deal for the spread of education. I am therefore unable to find any principle which justifies any distinction to be drawn so far as food is concerned, between the teachers of aided schools and the teachers of departmental schools. Sir, yesterday, I had the painful duty to present to you, a memorial entrusted to me by the suffering people of a neighbouring taluk, Chirayinkil, and when I came out of your presence it really consoled me because I am not going to say what happened—

PRESIDENT: There is no doubt about what happened. If the management will honestly do things, Government will only be glad to co-operate with them. There is no secret about it. The whole point is, I do not want this grant to be made a matter for the management to get more money. That is what I honestly feel— the managements are using the grants of these teachers for the purpose of keeping half starved, the unself-respected lot, on half pay, doing heavy work and getting all this money for their own purposes. If, on the other hand, the management are honest, the Government will deal with them fairly. That is the position.

SADASYATILAKA T. K. VELU PILLAI : What I was going to say was that, I came out in very high hopes that the Government will be doing all that is possible. Now, grant-in-aid school teachers are working under very difficult circumstances at present. In the old days it was possible for the boys to get some instruction from the village Asan. There are now no Asans of that character.

PRESIDENT : Asan was an entity dealing directly with the parents and therefore he had no middleman, no hoarder, or profiteer to deal with, in thesphere of education. There was nobody to waylay him.

SADASYATILAKA T. K. VELU PILLAI : Sir, the Asan of those days was doing substantial work. There was no middleman. As return for imparting education, he gets some perquisites and some occasional help from the parents of these boys and girls. Today, even the source of that support is gone. So then, when the Government have encouraged them to come in large numbers, when the Government entrust the care of children ranging between 5 or 10 or 15 years, when these boys and girls who are educated in these grant-in-aid schools are as good, as intelligent as those trained in departmental schools, Sir, the famished look of these miserable teachers who are born by the same process of nature as more favoured people who have to provide for their suffering families, who are as loyal to Government as anybody else, who sing Vanchisamangalam with equal gusto—why these people should not be adequately provided is a matter which I cannot for a moment understand. I do not want, Sir, to take up much time on this motion as I find many of my friends who are moved by kindly impulses are desirous to speak. I shall not therefore stand in their way. Sir, I hope this is a matter for the attention of Government and trust that they will try to relieve them from this distress.

MR. K. R. NARAYANAN : സർ, ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ എല്ലാ അവശതകളെപ്പററിയും വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതു ഒരുവക കുറക്കുവെളിയായിത്തീരും. ഏററവും പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങളെപ്പററി പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അരിവിതരണം സംബന്ധിച്ചിടത്തോളം ഗവമെൻറിനു വളരെ പ്രയാസമുള്ള ഒരു കാര്യമല്ല. വയ്ക്കത്തു കിട്ടുന്ന അരി, ഗ്രാൻറുസ്കൂൾ അദ്ധ്യാപകരും, ഗവമെൻറുസ്കൂൾ അദ്ധ്യാപകരും തുല്യമായ രീതിയിലാണു വീതിച്ചു കൊടുക്കുന്നതു്. ഇരുകൂട്ടർക്കും ഏ ൭ ഇടങ്ങഴി അരിവീതം അവിടെ കിട്ടുന്നുണ്ടു്. ആ തത്വം ചിറയിൻകീഴ താലൂക്കുകാർ അംഗീകരിക്കുവാനും, മൂവാററുപുഴ, കുന്നത്തുനാട്ട് ഈ താലൂക്കുകാർ അംഗീകരിക്കുവാനും എന്താണു പ്രയാസമെന്നു മനസ്സിലാകുന്നില്ല. ഗവമെൻറു് അതാതു താലൂക്കുകമ്മിററികൾക്കു ഒരു നിർദ്ദേശം കൊടുത്താൽ ഇപ്പോഴുള്ള അരി ശരിക്കു കൊടുക്കുന്നില്ല എന്നുള്ള ന്യായമായ ആവലാതി തീർച്ചയായും പരിഹരിക്കപ്പെടും. ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്ന

ഏററവും പ്രധാനമായ സംഗതി സക്കാർ അദ്ധ്യാപകന്മാർക്ക് അരി കൊടുക്കുകയും ഗ്രാൻറസ്ക്കൂൾ അദ്ധ്യാപകന്മാർക്ക് ആ ഭാഗ്യം കിട്ടാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. അവർക്കു റേഷൻകാർഡും നഷ്ടപ്പെട്ടു. കടലിൻേറയും കരയുടേയും മദ്ധ്യേ അകപ്പെട്ട മനുഷ്യരെപ്പോലെയാകുന്നു തീർച്ചയായും പരിതാപകരമാണ്. ഒരു താലൂക്കിലേയ്ക്കു ഒരു കോട്ടാ അനുവദിച്ചുകഴിഞ്ഞാൽ ആ താലൂക്കുകമ്മററിക്കാർ യാതൊരു മമതയോ പക്ഷഭേദമോ കാണിക്കാതെ എല്ലാവർക്കും ഒരു പോലെ വിതരണം ചെയ്യണമെന്ന് നിഷ്കർഷയായ ഉത്തരവ് കീഴ്സിൽബന്തികൾക്ക് കൊടുക്കുക എന്നുവന്നാൽ ഈ വിഷയത്തിൽ യാതൊരു പ്രയാസമോ പരാതിയോ ഉണ്ടാകുകയില്ല.

MR. P. KUNJUKRISHNAN :- I have great pleasure in supporting the motion so ably moved and supported by the honourable members. Th poor pay which the grant-in aid school teachers get at present make them lead a very miserable existence. The present period being the duration of war, there is suffering to a great extent. Their suffering commenced from the commencement of the war and during the war the same conditions exist. Their condition has become worse and the sacred duty of imparting education to 60 or 61 per cent of the school-going population of the State is entrusted to them and they are half-starved. Their condition has been described graphically by many honourable members here. I hope and trust that the lot of the grant-in-aid teachers deserve the greatest consideration at the hands of Government.

MR. K. KUNJU PANICKAR : സർ, ഈ വിഷയത്തെ സംബന്ധിച്ച ഒന്നു രണ്ട് സംഗതികൾ മാത്രം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരിൽ ൩൨൯൦ ക്രിസ്ത്യാനികളും, ൨൬൮൫ സവർണ്ണഹിന്ദുക്കളും, ൯൩൮ ഈഴവരുമുണ്ട്. സെക്കൻഡ് ഗ്രേഡ് അദ്ധ്യാപകന്മാരിൽ ൯൨൲ സവർണ്ണഹിന്ദുക്കളും, ൲൦൯൲ ക്രിസ്ത്യാനികളും, ൲൩൫ ഈഴവരുമുണ്ട്. ഈ പട്ടിക പ്രത്യേകം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നതു എന്തെന്നാൽ, തിരുവിതാംകൂറിൽ വിദ്യാഭ്യാസത്തെ, അഭിവൃദ്ധിപ്പെടുത്താൻ പ്രൈവററ ഏജൻസികൾ വലിയ സഹായം ചെയ്യുന്നുണ്ടെന്നും, ഇവർ അവശത അനുഭവിക്കുന്ന സമുദായത്തിൽ നിന്ന് മാത്രമല്ല, അല്ലാത്ത സമുദായങ്ങളിൽ നിന്നും കൂടി ധാരാളം ഉണ്ടെന്നും കാണിക്കുവാനാണ്. ഈ വിഷയത്തിൽ എല്ലാആളുകളും വളരെ ത്യാഗത്തോടുകൂടി പ്രവത്തിച്ചുകൊണ്ടിരിക്കുന്നു. അവർക്കു ന്യായമായ ശമ്പളവും ഇല്ല. അങ്ങനെയിരിക്കെ

[Mr. K. Kunju Panickar.]

